# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി3/2261/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 28/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി3/2261/2022 തീയ്യതി: 28/01/2023

## കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 10-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2022 | 21-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-11-2022 | 21-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)

ശ്രീ.സതീഷ് കുമാർ സി.പി അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോയ് കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ നൗഷീർ സി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഗംഗാഭായ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-09-2021 |
| ശ്രീമതി. സിന്ധു വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2021 | 31-03-2022 |
| ഡോ. നിത്യ കെ.എസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ .ദിലീപ് കുമാർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മുസ്തഫ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 21-11-2021 |
| ഡോ. ഷാഹിത ടി | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 22-11-2021 | 31-03-2022 |
| ഡോ.ഭാഗ്യശ്രീ ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി .സബിന പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശശി സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ദീപ്തി ഇ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.വിനീഷ് | വെറ്ററിനറി സർജൻ | 01-04-2021 | 20-10-2021 |
| ശ്രീമതി സ്മിതമോൾ | വെറ്ററിനറി സർജൻ | 21-10-2021 | 31-03-2022 |
| ശ്രീമതി ജ്യോതി | ഐ .സി .ഡി .എസ് **സൂപ്പർവൈസർ** | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1- 3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1- 5 |
| 7 | ക്ഷേമ പദ്ധതികൾ | 1 -6 |
| 8 | ക്യാഷ് ബാല**ൻ**സ് പരിശോധന | 1 - 7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1- 8 |
| 10 | പൊളിച്ച് മാറ്റിയ കെട്ടിടം വീണ്ടും സഞ്ചയിൽ ഉൾപ്പെടുത്തിയതിലെ അപാകത | 1- 9 |
| 11 | തൊഴിൽ നികുതി പൂർണമായും ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല. | 1-10 |
| 12 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു. | 1-11 |
| 13 | ചട്ട വിരുദ്ധമായി നികുതിയിളവ് നൽകുന്നു. | 1-12 |
| 14 | ഇ – പേയ് മെന്റ് മുഖേന അടവാക്കുന്ന തുക സമയബന്ധിതമായി ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല. | 1-13 |
| 15 | FTE&OS ലൈസ**ൻ**സ് അനുവദിക്കുന്നതി**ൽ** കാലതാമസം ഉണ്ടാകുന്നു. | 1-14 |
| 16 | സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കാതെ മാനേജ്മെന്റ് സ്കൂളുകളിൽ തുക ചെലവഴിച്ചു | 1-15 |
| 17 | ജനകീയ ഹോട്ടൽ- വാടകയിനത്തിൽ അധിക തുക നൽകി | 1-16 |
| 18 | അങ്കണവാടി മോഡണൈസേഷൻ- പ്രൊജക്റ്റ് നിർവഹണത്തിലെ അപാകതകൾ | 1-17 |
| 19 | മരണമടഞ്ഞ വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക കൈമാറിയത് വഴി സർക്കാരിന് ഭീമമായധനനഷ്ടം സംഭവിക്കുന്നു. | 1-18 |
| 20 | വിള ഇൻഷൂറൻസ് ഹാജരാക്കാതെ കൂലിച്ചെലവ് നൽകുന്നു. | 1-19 |
| 21 | കെ.വൈ.ഐ.പി.ഡെപ്പോസിറ്റ് പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1- 20 |
| 22 | ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവഴിച്ചില്ല. | 1-21 |
| 23 | ഇരുവള്ളൂർ ഗവ. യു.പി.സ്കൂളിന് സ്ഥലം വാങ്ങൽ - പ്രൊജക്റ്റ് നിർവ്വഹണം - | 1- 22 |

| | | |
|---|---|---|
| | അപാകതകൾ | |
| 24 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ വാങ്ങൽ - സ്കാനറുകൾ കെൽട്രോണിൽ നിന്ന് ലഭ്യമായില്ല. | 1- 23 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി -പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-24 |
| 26 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമായില്ല | 1- 25 |
| 27 | ഐ.എൽ.ജി.എം.എസ് സ്പ്ലോറ്റ് വെയറിലെ അപാകതകൾ | 1- 26 |
| 28 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക റീക്കുപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല. | 1- 27 |
| 29 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-28 |
| 30 | വനിതാ ഘടക പദ്ധതി പ്രത്യേകമായി നടപ്പാക്കിയില്ല | 1-29 |
| 31 | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1- 30 |
| 32 | ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല | 1- 31 |
| 33 | സമ്പൂർണ്ണ ഹിന്ദി സാക്ഷരതാ പരിപാടി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1- 32 |
| 34 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1- 33 |
| 35 | പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച് | 1- 34 |
| 36 | വനിതാ ഘടക പദ്ധതിയിൽ പുരുഷൻമാർക്ക് സബ്സിഡി | 1- 35 |
| ഭാഗം **2** | | |
| 1 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു. | 2-1 |
| ഭാഗം **3** | | |
| 1 | ജനകീയ ഹോട്ടൽ- വാടകയിനത്തിൽ അധിക തുക നൽകി | 3-1 |
| 2 | സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കാതെ മാനേജ്മെന്റ് സ്കൂളുകളിൽ തുക ചെലവഴിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തിയ്യതിയിലെ 23/03/2021 ലെ 1/(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2021-22 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 24/03/2022ലെ ഭരണസമിതി തീരുമാന നമ്പർ 1(2) പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പുതുക്കിയ ബഡ്ജറ്റ് പ്രകാരം |
|---|---:|
| മുന്നിരിപ്പ് | 0 |
| വരവ് | 25,40,40,900 |
| ചെലവ് | 25,84,04,780 |
| നീക്കിയിരിപ്പ് | 37,00,502 |

ബജറ്റ് ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

തൻവർഷം ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന് കാണാം. തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

ബജറ്റ് പ്രൊവിഷനും യഥാർത്ഥ കണക്കും തമ്മിൽ പൊരുത്തമില്ല.

| ക്രമ നമ്പർ | ഹെഡ് | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് | വ്യത്യാസം |
|---|---|---:|---:|---|
| 1 | 220 | 23,26,000 | 11.79,298 | 11,46,702 |
| 2 | 250 | 72,90,000 | 82,08,796 | 918796 ബഡ്ജറ്റ് പ്രൊവിഷനേക്കാൾ കൂടുതൽ ചെലവഴിച്ചു |
| 3 | 251 | 7,37,51,200 | 4,36,26,491 | 30124709 |
| 4 | 252 | 1,04,00,000 | 2,49,16,454 | 1,45,16,454 |

| | | | | |
|---|---|---|---|---|
| | | | | ബഡ്ജറ്റ് പ്രൊവിഷനേക്കാൾ കൂടുതൽ ചെലവഴിച്ചു |
| 5 | 256 | 7,00,000 | 5,28,82,302 | 5,21,82,302 ബഡ്ജറ്റ് പ്രൊവിഷനേക്കാൾ കൂടുതൽ ചെലവഴിച്ചു |

ബഡ്ജറ്റ് പ്രൊവിഷനേക്കാൾ കൂടുതൽ ചെലവഴിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഇത് ക്രമപ്രകാരമല്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1). ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രീ ബജറ്റ് പ്രൊപ്പോസൽ സ്വീകരിക്കുന്നതിന്റെ ഭാഗമായി 25/01/2021 ലെ എ1 – 10209(1) *19* കത്തിലൂടെ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം *05*/02/21 ന് ഉച്ചയ്ക്ക് 2 മണിക്ക് വിളിച്ച് ചേർക്കുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ കൃഷിഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ മാത്രമാണ് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

(2). സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും

ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഭരണസമിതിയുടെ 04/05/2022ലെ 8/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) അനുസരിച്ച് 2021 - 22 ലെ വാർഷിക കണക്ക് മെയ് മാസം 15-ാംതീയതിക്കുമുമ്പായി മുമ്പായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ 30.07.2022 -നാണ് ഭരണസമിതി വാർഷിക കണക്കുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കിയിട്ടുള്ളത്.

2. ഓഡിറ്റിന് സമർപ്പിച്ച 2021-22 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (ചട്ടം 62).

4. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് മാസാന്ത്യ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

5.സ്ഥിര നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും. പലിശയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഈ ഇനത്തിൽ രജിസ്റ്ററും, വാർഷിക കണക്കും, തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | | സ്ഥിര നിക്ഷേപ രജിസ്റ്റർ | | | |
|---|---|---|---|---|---|
| മുൻ ബാക്കി | 1840564 | സ്ഥിര നിക്ഷേപ രസീതി നമ്പർ | മുതൽ | പലിശ | ബാലൻസ് |
| Interst I-7 | 201601 | FDR-100211807520130 | 568852 | 38027 | 606879 |
| R P- 8 | 70972 | FDR 100211807520115 | 885608 | 66791 | 952399 |

| | | | | | |
|---|---|---|---|---|---|
| | | FDR 100211807520129 | 386104 | 25811 | 411915 |
| നീക്കി ബാക്കി | 1971193 | | 18,40,564 | 1,30,629 | 19,71,193 |

(സ്ഥിര നിക്ഷേപത്തിന്റെ പലിശ കണക്കാക്കിയിട്ടുള്ളത് യഥാക്രമം 16/11/20 -9/06/22, 12/10/20 -04.08.22, 16/11/20 -9/06/22) കാലയളവിലുള്ളതാണ്. ആയതിനാൽ 2021 -22 വർഷത്തെ യഥാർത്ഥ വരവ് എത്രയാണെന്ന് വ്യക്തമാവുന്നില്ല.

6.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റും ഡിപ്രിസിയേഷന്റെ കാൽകുലേഷൻ ഷീറ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഐ - 17(A) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ ഡിപ്രിസിയേഷൻ തുകയുടെ (₹ 7038294/-) കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

7.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കുന്നതിന് സാധിച്ചട്ടില്ല.

8.വാർഷിക കണക്ക് ബി-4സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് വിഹിതം 16,03,856/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 7,09,009/- രൂപയും ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംയുക്തഫണ്ടിന്റെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയും, ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നിക്കീയിരിപ്പും തമ്മിൽ 3,50,950 രൂപയുടെ വ്യത്യാസം ഉണ്ട്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ RSVY -38486/-Solid Waste Mangement 7,50,000/-, ശുചിത്വമിഷൻ ഗ്രാന്റ് 20,88,216/- എന്നിവയും പദ്ധതി നടപ്പിലാക്കാതെ നിക്കീയിരിപ്പുള്ളതായി കാണുന്നു. പദ്ധതി പൂർത്തീകരിച്ച് ശേഷമുള്ള ബാലൻസ് തുകയാണെങ്കിൽ അതാത് ഹെഡിലേക്ക് തിരികെ നൽകാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/2021 -22/19.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സമബന്ധിതമായി പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1- 3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,02,64,456 |
| വരവ് | 11,05,23,339 |
| ആകെ | 13,07,87,795 |
| ചെലവ് | 10,13,79,155 |
| നീക്കിയിരിപ്പ് | 2,94,08,640 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26014354 | 26014354 | 25209534 | 804820 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8696179 | 8696179 | 8675103 | 21076 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 287700 | 287700 | 238000 | 49700 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11093000 | 11093000 | 10077527 | 1015473 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 8631837 | 8631837 | 3054655 | 5577182 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക്ക് ഗ്രാന്റ്) | Bank | 6751720 | 5436000 | 3162474 | 2376481 |
| | Treasury | | 1315720 | 250526 | 1065194 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Bank | 14192468 | 8154000 | 1847177 | 6306823 |
| | Treasury | | 6038468 | 1870518 | 4167950 |

## 1- 5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 244 | 157245258 | 195 | 80791159 | 0 | 49 | 79.9% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 13 | 13 | 4060900 | 3312938 | 81.58 % |
| വെറ്ററിനറി സർജൻ | 12 | 12 | 5484600 | 3252591 | 59.30% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 11 | 10 | 4062852 | 3164358 | 77.88 % |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 250000 | 249999 | 99.99% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 600000 | 600000 | 100 % |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 891000 | 77537 | 8.7 % |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 5 | 3 | 20265000 | 13635000 | 67.28 % |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 10 | 8 | 43586860 | 5825346 | 13.36% |
| ഐ.സി. ഡി.എസ് സൂപ്പർവൈസർ | 9 | 7 | 8699633 | 7988110 | 91.82 % |
| അസിസ്റ്റന്റ് എഞ്ചിനീയർ | 125 | 98 | 45684469 | 27640361 | 60.50% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1960872 | 1560872 | 79.60% |
| സെക്രട്ടറി | 41 | 29 | 18139072 | 10977311 | 60.51 % |
| അസി.സെക്രട്ടറി | 7 | 5 | 2685000 | 1663044 | 61.93% |
| ഹെഡ് മാസ്റ്റർ | 4 | 3 | 875000 | 843692 | 96.42% |
| | 244 | 195 | 157245258 | 80791159 | 51.37% |

ഡി.പി.സി. അംഗീകാരം ലഭിച്ച 244 പ്രോജക്ടുകളിൽ 195 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 157245258/-രൂപ വകയിരുത്തിയതിൽ 8,07,91,159/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 93,74,454/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി അംഗീകാരം ലഭിച്ച 125 മരാമത്തു പ്രോജക്ടുകളിൽ 98 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 4,56,84,469/- രൂപ വകയിരുത്തിയതിൽ 2,76,40,361/-രൂപയാണ് 2021-22 വർഷത്തിൽ ചെലവഴിച്ചത്. അതായത് 60.5 ശതമാനം തുക തൻവർഷം മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 26014354 | 26014354 | 25209534 | 804820 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 8696179 | 8696179 | 8675103 | 21076 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 287700 | 287700 | 238000 | 49700 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11093000 | 11093000 | 10077527 | 1015473 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 8631837 | 8631837 | 3054655 | 5577182 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക്ക് ഗ്രാന്റ്) | Bank | | 6751720 | 5436000 | 3162474 | 2273526 |
| | Treasury | | | 1315720 | 250526 | 1065194 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Bank | | 14192468 | 8154000 | 1847177 | 6306823 |
| | Treasury | | | 6038468 | 1870518 | 4167950 |
| | | | 75667258 | 75667258 | 5,45,49,514 | 21117744 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച7,56,67,258 /- രൂപയിൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിൽ പി.എഫ്.എം.എം.എസ് ( PFMS) മുഖേനെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയ തുകയിൽ പലിശയടക്കം ബാങ്ക് അക്കൗണ്ടിൽ നിക്കീയിരിപ്പുള്ള 86,83,304/- രൂപ കിഴിച്ച് 1,25,37,395/-രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന തുകകൾ സർക്കാർ മാനദണ്ഡംപ്രകാരം, പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായി വിനിയോഗിക്കുന് സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുമാണ്.

1 -6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 87,33,200 | 459 |
| വിധവാ പെൻഷൻ | 2,69,42,400 | 1340 |
| വാർദ്ധക്യകാല പെൻഷൻ | 5,46,09,300 | 2786 |
| വികലാംഗ പെൻഷൻ | 67,23,300 | 455 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 38,03,400 | 259 |

1 - 7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2022 ന് 03.00 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27104/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1- 8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

2-2-17ലെ 3/2017 ഉത്തരവിന്റെയടിസ്ഥാനത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് വരുന്ന മാറ്റങ്ങൾക്കനുസരിച്ച് വിവിധ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്വങ്ങൾ പുതുക്കി നൽകിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിന് ശേഷം പ്രസ്തുത സംവിധാനത്തിലെ വിവിധ ഫങ്ഷനുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഓഫീസ് ഉത്തരവ് പുതുക്കി നൽകിയിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിച്ച വിവരാവകാശ രജിസ്റ്ററിൽ 2022 ൽ ലഭിച്ച 15-3-22 വരെയുള്ള വിവരാവകാശ അപേക്ഷകളുടെ വിശദാംശങ്ങൾ മാത്രമേ എഴുതി ചേർത്തിട്ടുള്ളൂ. അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതി തീർപ്പാക്കുന്നത് രേഖപ്പെടുത്തിയ മിനുട്സ് സൂക്ഷിക്കുന്നുണ്ട്. ആയതിൽ ഏതൊക്കെ പരാതികൾ വന്നിട്ടുണ്ട് അതിൽ എത്രയൊക്കെ തീർപ്പാക്കി എന്നത് രേഖപ്പെടുത്തുന്നില്ല. ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. 2021-22 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ തൻവർഷത്തെ എല്ലാ പർച്ചേസിന്റെയും തീരുമാനം രേഖപ്പെടുത്തി പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. ILGMS വൗച്ചർ നം 22100249/10-8-21 പ്രകാരം 6-7-2021 ന് 1103/2021 കേസ് നടത്തിപ്പിന്റെ ഭാഗമായി 10000 രൂപ അഡ്വക്കറ്റ് വിനോദ് സിങ്ങിന് വക്കീൽ ഫീസായി നൽകിയിട്ടുണ്ട്. എന്നാൽ സ്യൂട്ട് രജിസ്റ്ററിൽ 2021-22 കാലയളവിൽ പ്രസ്തുത രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടുണ്ട്. 1998-1999 മുതൽ 2020-21 വരെ വിവിധ റിപ്പോർട്ടുകളിലായി 195 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു. ആയതിൽ മിക്കവയും ഓഡിറ്റ് അദാലത്തിന് മറുപടി സമർപ്പിച്ചവയാണ്.

പഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ

ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 6 ക്ലാർക്ക്, 6 സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി & ഒ, ശുചിത്വം തുടങ്ങി പഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന് തുടർനടപടി ഇല്ലാതിരിക്കുകയും, ആയതു കൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾക്കായി ഖ 1-9, 1-11 എന്നിവ കാണുക

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1- 9 പൊളിച്ച് മാറ്റിയ കെട്ടിടം വീണ്ടും സഞ്ചയിൽ ഉൾപ്പെടുത്തിയതിലെ അപാകത

ഫയൽ നമ്പർ - A3 -400975/PLAL04/General/2021/7583/18/11/21

23.03.2002 ൽ 132/2002 നമ്പർ ഫയൽ തീരുമാന പ്രകാരം പൊളിച്ച് മാറ്റിയ V-211/271 നമ്പർ കെട്ടിടത്തിന് കെട്ടിട നമ്പർ പുനസ്ഥാപിച്ച് കിട്ടുന്നതിന് ശ്രീ.തൈക്കണ്ടിയിൽ പി.സി ബാലൻനായർ മകൻ ഗിരീഷ് 30.09.2019 ൽ അപേക്ഷ സമർപ്പിക്കുകയും, ആയതിന് വ്യക്തമല്ലാത്ത ന്യൂനത കാണുന്നതായി അറിയിച്ചുകൊണ്ട് 30.03.2020 ലെ A4/9987/19 മറുപടി നൽകിയതായും ടിയാന്റെ മേൽ ഫയലിൽ പരാമർശിച്ചതായി കാണുന്നു. കൂടാതെ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ദീപശ്രീ അപ്പക്കട് എന്ന സ്ഥാപനത്തിന് ലൈസൻസ് എടുക്കുന്നതിന് 14.06/2019 ൽ B7- 6171/27/2019 പ്രകാരം നോട്ടീസ് അയച്ചിട്ടുണ്ടെന്നും, മേൽ പറഞ്ഞ കെട്ടിടത്തിന് നമ്പർ ഇല്ലാത്തതിനാൽ പഞ്ചായത്ത് ലൈസൻസും, Fssai (Food Safety And Standards Authority Of India) ലൈസൻസും തരപ്പെടുത്തുവാൻ കഴിയുന്നില്ലെന്നും പ്രസ്തുത അപേക്ഷയിൽ പരാമർശിക്കുന്നു.

മേൽ അപേക്ഷ പരിഗണിച്ച് സെക്ഷൻ (സുജ പി.സി ക്ലർക്ക്) നടത്തിയ ഫീൽഡ് പരിശോധനയിൽ ടി കെട്ടിടം പൊളിച്ച് മാറ്റിയിട്ടില്ല എന്നും, 2013-14 വർഷത്തിൽ കെട്ടിടത്തിന് പുതിയ

നമ്പർ അനുവദിച്ചതായി കാണുന്നില്ല എന്നും, PR.NO.132/2002 പ്രകാരം 5/211 നമ്പർ കെട്ടിടം പൊളിച്ചുമാറ്റിയതായി കാണിച്ച് അസ്സസ്മെന്റ് രജിസ്റ്ററിൽ ചുവപ്പ് മഷികൊണ്ട് രേഖപ്പെടുത്തിയതായും, എന്നാൽ ഈ പേജിൽ സെക്രട്ടറി ഒപ്പ് വെച്ചതായി കാണുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.( നോട്ട് ഫയൽ - ഖണ്ഡിക -7). പ്രസ്തു കെട്ടിടത്തിന് നികുതി 205 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും കുറിപ്പ ഫയലിൽ എഴുതിയിട്ടുണ്ട്. (നോട്ട് ഫയൽ - ഖണ്ഡിക -11)

16/03/2022 ലെ ഭരണസമിതി യോഗത്തിലെ തീരുമാനം നമ്പർ 4 പ്രകാരം 05/02/2022, 21/02/2022 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിററിയുടെ 59/22 നമ്പർ ശുപാർശ അംഗീകരിച്ചതായും, 23.03.2002 ലെ ഭരണസമിതി തീരുമാന പ്രകാരം കാലഹരണപ്പെട്ട നികുതികൾ എഴുതി തള്ളൽ എന്ന അജണ്ടയിലെടുത്ത തീരുമാനത്തിൽ ശ്രീ.പി.സി ബാലൻനായർ എന്നിവരുടെ ഉടമസ്ഥയിലുള്ള 5/211 നമ്പർ കെട്ടിടം ഉൾപ്പെട്ടിരുന്നുവെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ച് പോയതാണെന്ന നിഗമനത്തിൽ അസ്സസ്മെന്റ് രജിസ്റ്ററിൽ നീക്കം ചെയ്ത് പോയതായും പരിഗണിച്ച് അസ്സസ്മെന്റ് രജിസ്റ്ററിൽ തിരികെ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചതായും കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് 15/354 A നമ്പർ നൽകി 13.05 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിത്തിന് 30/ ച.മീറ്ററിന് നിരക്കിൽ (78+4) 82/- രൂപ വാർഷിക നികുതി 30/03/2022 ൽ നിശ്ചയിച്ചതായും കാണുന്നു.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. 2002 ൽ പൊളിച്ച് മാറ്റിയ കെട്ടിടത്തിന് 17 വർഷത്തിന് ശേഷം മാത്രമാണ് നികുതി പുന:സ്ഥാപിച്ച് കിട്ടുന്നതിന് ഉടമസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മേൽ കാലയളവിനുള്ളിൽ പ്രസ്തുത കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ അനധികൃത നിർമ്മാണം നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

2 - മേൽ അപേക്ഷ പരിഗണിച്ച് സെക്ഷൻ (സുജ പി.സി ക്ലർക്ക്) നടത്തിയ ഫീൽഡ് പരിശോധനയിൽ ടി കെട്ടിടം പൊളിച്ച് മാറ്റിയിട്ടില്ല എന്നും, 2013-14 വർഷത്തിൽ കെട്ടിടത്തിന് പുതിയ നമ്പർ അനുവദിച്ചതായി കാണുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, ഉപയോഗം, പഴക്കം, എന്നിവയൊന്നും പരാമർശിച്ചിട്ടില്ല.

3. കൃത്യമായ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അല്ലാതെ നികുതി നിർണ്ണയിച്ച് നികുതി ഈടാക്കുന്നതുമൂലം തനത് ഫണ്ട് നഷ്ടപ്പെടാൻ സാഹചര്യം ഒരുക്കുന്നതിനും, അനധികൃത നിർമ്മാണം നടക്കുന്നതിനും സാഹചര്യം ഒരുക്കുന്നു.

4. മേൽ കെട്ടിടം നാളിതുവരെ നികുതിയും,വ്യപാര ലൈസൻസും ഇല്ലാതെ അനധികൃതമായി പ്രവർത്തിച്ചു

5. 2013-14 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി 205/- രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നിരിക്കിലും പുതുതായി നികുതി നിർണ്ണയിച്ചപ്പോൾ 82/- (78+4) രൂപയായി മാറിയതിനും കാരണം വ്യക്തമല്ല. കൂടാതെ പുതുതായി നികുതി നിർണ്ണയിച്ചതിന്റെ Form-6 പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (20 /2021 – 22/19.11.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അനധികൃത നിർമ്മാണത്തിനെതിരേ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി നിയമപരമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെ കുടിശ്ശികയായ തുക കണക്കാക്കി ഈടാക്കേണ്ടതുമാണ്.

1-10 തൊഴിൽ നികുതി പൂർണമായും ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല.

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ട്രേഡേഴ്സിന്റെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ 2021-22 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ മുൻവർഷം 1478370 രൂപ ആയിരുന്നത് ഈ വർഷം 1433130/- ആയി കുറഞ്ഞിട്ടുണ്ട്. 2020-21 വർഷത്തിൽ സ്ഥാപനങ്ങളുടെ എണ്ണം 102 ആയിരുന്ന സ്ഥാനത്ത്, 2021-22 വർഷത്തിൽ 84 ആയി കുറഞ്ഞ് പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമായി നികുതി ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്.

2. ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

.മാവേലി സ്റ്റോർ

.മൊബൈൽ മെഡിക്കൽ യൂണിറ്റ്

.ടെക്നിക്കൽ അസിസ്റ്റന്റ്,ചേളന്നൂർ ഗ്രാമപഞ്ചായത്ത്

.പോസ്റ്റ്ഓഫീസ്, പാലത്ത്

.ഐ.ബി.പി.ഓട്ടോ സർവീസസ്.

.ഡി.പി.എച്ച്.പി. , ചേളന്നൂർ

. മുത്തൂറ്റ് മർക്കന്റൈൽ ലിമിറ്റഡ്.

ഓരോ സ്ഥാപനത്തിലെയും ഒന്നാം അർദ്ധവർഷം നികുതി അടവാക്കിയ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം നികുതി ഈടാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3. അസി.എഞ്ചിനീയറുടെ 2021-2022 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം കരാർവെച്ച കരാറുകാരിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| അഷ്റഫ്.വി | 25 |
| റിജു. എം.വി | 20 |
| ഷിബു.കെ.പി | 9 |
| ഉദയകുമാർ | 4 |
| രവീന്ദ്രൻ.വി. | 3 |
| രാമചന്ദ്രൻ.എം | 4 |
| ഷാജി. സി. | 4 |

ഓഡിറ്റ് കാലയളവിൽ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ലാത്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്

തൻവർഷം പഞ്ചായത്തിൽ ലഭിച്ച ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ് മാർ, കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവർ (നികുതി നിർണ്ണയത്തിന് ലഭിച്ച അപേക്ഷകൾ പ്രകാരം) പഞ്ചായത്തിന്റെ പരിധിയിൽ ഉണ്ടാകാവുന്ന അക്ഷയ കേന്ദ്രം, റേഷൻ ഷോപ്പ് എന്നിവയിലെ ജീവനക്കാർ, ഡോക്യുമെന്റ് റൈറ്റേഴ്സ്, അഡ്വക്കേറ്റ്സ് എന്നിവർ ഉൾപ്പെടെ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും

ചട്ടത്തിലെ) 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചതിനാൽ 250 ച.മീ താഴെയുള്ള മുറികൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ കണക്കാക്കുന്നില്ല. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ് പ്രതിപാതിക്കുന്നത്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്. സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പ്രകാരം ഒരു ഉടമസ്ഥന്റെ ഒരേ കാര്യത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കപ്പെട്ടതിനാൽ എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. സഞ്ചയ സ്സോഫ്റ്റ്‌വെയറിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ ഇത്തരത്തിലുള്ള വർദ്ധനവ് ബാധകമാവുകയുള്ളൂ. മേൽ കാരണത്താൽ 2021-22 സാമ്പത്തിക വർഷം നികുതി നഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|---|
| ത്രുലോക് കുമാർ സെക്രട്ടറി, ചേലന്നൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 439/A<br>439/B | G F – 231.41<br>F.F - 231.41<br>S.F - 20.34<br>483.16ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ തുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടം |

439/B നമ്പർ കെട്ടിടത്തിന്റെ ഭാഗത്തിന് (251.75 ച.മീറ്ററിന്) തറ നിർമ്മിതിയുടെ 15% വർദ്ധനവ് ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടുണ്ട്. 439/A നമ്പർ കെട്ടിടത്തിന്റെ ഭാഗത്തിന് 231.41 ച.മീറ്ററിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ 231.41X50 =11570.5X15% = 1736 രൂപ വസ്തുനികുതി ഇനത്തിലും ഗ്രന്ഥശാലാവരി ഇനത്തിൽ 89/- രൂപയും നഷ്ടം വന്നിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യം/പാർപ്പിടാവശ്യം ഉൾപ്പെടെ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധനവ് ചുമത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഒരു ഉടമസ്ഥന്റെ കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗത്തിനല്ലാത്ത പക്ഷം ഓരോ മുറികൾക്ക് പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നത് ശരിയായ നടപടിയല്ല. തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള സാഹചര്യം വന്നതിനും, മേൽ അപാകതയ്ക്കും മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ ഇനത്തിൽ 231.41X50 =11570.5X15% = 1736 രൂപ വസ്തുനികുതി ഇനത്തിലും ഗ്രന്ഥശാലാവരി ഇനത്തിൽ 89/- രൂപയും ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. 250 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള മുഴുവൻ പാർപ്പിടാവശ്യം/ വാണിജ്യാവശ്യത്തിനുള്ള മുഴുവൻ കെട്ടിടങ്ങളും പുന: പരിശോധിച്ച് നികുതി ഇനത്തിൽ നഷ്ടം വരുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-12 ചട്ട വിരുദ്ധമായി നികുതിയിളവ് നൽകുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സർചാർജ്ജും)ചട്ടങ്ങളിൽ ചട്ടം 21പ്രകാരം ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിവായി കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി നികുതി ഇളവ് (പകുതിയിൽ കവിയാത്ത തുക) ചെയ്തു കിട്ടുന്നതിന് അർഹതയുണ്ട്. ഇതിനായി കെട്ടിട ഉടമയോ അയാളുടെ ഏജന്റോ ആ കെട്ടിടം ഒഴിഞ്ഞു കിടക്കുകയോണെന്നോ, ഏതു തിയ്യതി മുതൽ ഒഴിഞ്ഞു കിടക്കുമെന്നോ ഉള്ളതിലേയ്ക്ക് സെക്രട്ടറിയ്ക്ക് നോട്ടീസ് (അപേക്ഷ) കൊടുക്കേണ്ടതാണ്. ഇപ്രകാരം ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തിയ്യതി മുതൽക്കോ, കെട്ടിടം ഒഴിഞ്ഞ് കിടന്ന തിയ്യതി മുതൽക്കോ ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തിയ്യതി മുതൽ കണക്കാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ചാൽ അപേക്ഷാ തിയ്യതി പരിഗണിക്കാതെ മുഴുവൻ അർദ്ധവർഷത്തിനും ബാധകമാക്കി നികുതിയിളവ് നൽകുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | ഫയൽ നം | അപേക്ഷ ലഭിച്ച തിയ്യതി | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ഇളവ്വ നല്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | A3-6505/21 | 09/01/22 | ശ്രീദേവി | 13/580B | 1.4.21 മുതൽ 30.9.21 വരെ |
| 2 | A3-8505/21 | 30/12/21 | ഷെരീറ്റ ഡിസൂസ | 14/362 A | 1.10.21 മുതൽ 31.3.22 വരെ |
| 3 | A3-6335/21 | 15/09/21 | മൻസൂർ ഇ.കെ | 6/645F | 1.4.21 മുതൽ 30.9.21 വരെ |
| 4 | A3-5787/21 | 18/08/21 | ആയിഷ ഉമ്മ,എം റിയാസ്,എം നസീമ, സിറാജ്, ഷിഹാബുദ്ദീൻ എം | 12/466E | 1.4.21 മുതൽ 30.9.21 വരെ |
| 5 | A4-3592/21 | 21/02/22 | എം.ടി മമ്മു ചെയർമാന് അൽ ഇഹ്സാൻ ചാരിറ്റബിൾ ട്രസ്റ്റ് | 2/586E | 1.4.21 മുതൽ 30.9.21 വരെ |

മുകളിൽ വിവരിച്ച രീതിയിൽ 15.09.21 ന് അപേക്ഷ നൽകിയവർക്കും 1.4.21 മുതലുള്ള ദിവസങ്ങൾ കണക്കാക്കി അർദ്ധ വാർഷിക നികുതി തുകയുടെ പകുതി തുക ഇളവ് നൽകിയത് വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി - (19/21-22/19.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ രണ്ടാം അർദ്ധ വർഷത്തിൽ അപേക്ഷ നൽകിയവർക്കും ഒന്നാം അർദ്ധവർഷത്തിൽ നികുതി ഇളവ് നൽകിയതായി കാണുന്നു. ഇപ്രകാരം നികുതിയിളവ് നൽകിയത് എങ്ങനെയാണെന്ന് വ്യക്തമല്ല. ചട്ടങ്ങൾക്ക് വിരുദ്ധമായി നികുതിയിളവ്വ നൽകുന്നത് വിശദീകരിക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം നഷ്ടം വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-13 ഇ – പേയ് മെന്റ് മുഖേന അടവാക്കുന്ന തുക സമയബന്ധിതമായി ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല.**

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ, റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് (സെപ്തംബർ 2022), 2021-22 രസീത് വരവ് എന്നിവ പരിശോധിച്ചതിൽ വിവാഹ രജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ എന്നിവയുടെ ഫീസിനത്തിൽ പൊതുജനങ്ങൾ ഇ - പേയ്മെന്റ് മുഖേന അടവാക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടിൽ പൂർണ്ണമായും വരവ് വന്നിട്ടില്ലെന്ന് കാണുന്നു. 30/04/2022 മുതൽ 30.09.2022 വരെ പ്രസ്തുത ഇനങ്ങളിൽ 12,535/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല എന്നാൽ മേൽ തുകകൾ ബേങ്ക് ബുക്കിൽ വരവ് വന്നിട്ടുമുണ്ട്. വിവാഹരജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ, വസ്തുനികുതി എന്നീ ഇനത്തിൽ ഇ-പേയ്മെന്റ് മുഖേന അടവാക്കുന്ന തുകകൾ നിലവിൽ ഐ.കെ.എം ന്റെ ബാങ്ക് അക്കൗണ്ടിലാണ് ക്രഡിറ്റ് ആവുന്നത്. പ്രസ്തുത തുകകൾ ഐ.കെ.എം ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ബേങ്ക് അക്കൗണ്ടിൽ വരവായി വരുന്നത്. ഇതിന് അനന്തമായ കാലതാമസം വരുന്നത് ശരിയായ നടപടിയല്ല. തനത് ഫണ്ട് സമയബന്ധിതമായി അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (4/2021-22/18.11.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട് സമയബന്ധിതമായി അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 FTE&OS ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2239 (130 വേക്കൻസി റെമിഷൻ ഒഴികെ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 490 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2020-21 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 543 ആണ് . 2021-22 വർഷം ഇത് 490 ആയി കുറഞ്ഞിട്ടുണ്ട്.

2. FTE&OS ലൈസൻസ് അപേക്ഷകളിൽ നടപടികൾ സ്വീകരിച്ച് ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| അപേക്ഷ നം | അപേക്ഷകന്റെ പേര് | അപേക്ഷാ തീയതി | ലൈസൻസ് തീയതി |
|---|---|---|---|
| 96/21 | പി.ഐ.മുഹമ്മദ് ഷബിനാര | 24.02.2021 | 24.11.2021 |
| 102/21 | റീസ്സ | 24.02.2021 | 31.08.2021 |
| 103/21 | ഉണ്ണികൃഷ്ണൻ.ഒ | 25.02.2021 | 28.01.2021 |
| 120/21 | ഷീന രാജൻ | 26.02.2021 | 22.02.2022 |
| 123/21 | ഷജീർ | 26.02.2021 | 18.08.2021 |
| 134/21 | സാമിക്കുട്ടി.എം.പി | 26.02.2021 | 18.08.2021 |
| 138/21 | എൻ.സി.ചന്ദ്രൻ | 26.02.2021 | 03.12.2021 |
| 142/21 | ഷഹനാസ്.എ | 26.02.2021 | 03.12.2021 |
| 146/21 | പ്രദീപൻ, ഗിരീഷ് | 26.02.2021 | 07.09.2021 |

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ എത്ര പേർ ലൈസൻസ് എടുക്കാനുണ്ടെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതും ഡിമാന്റ് പൂർത്തിയാക്കാത്തതും സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഡിമാന്റ് പൂർണ്ണമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അപേക്ഷകൾ കാലതാമസം കൂടാതെ പരിഹരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-15 സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കാതെ മാനേജ്മെന്റ് സ്കൂളുകളിൽ തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : (1) 217/22, പൊതുവിദ്യാലയങ്ങൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം

സാങ്ഷൻ ഓർഡർ നമ്പർ, തുക : 455/27.03.2022, 984,996/-

കരാറുകാരൻ : ഷിനോയ് തോമസ്

പ്രോജക്ട് നമ്പർ : (2) 218/22, സ്കൂളുകൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം

സാങ്ഷൻ ഓർഡർ നമ്പർ, തുക : 456/27.03.2022, 1,191,972/-

കരാറുകാരൻ : ഷിനോയ് തോമസ്

ഒന്നാമത്തെ പ്രോജക്ട് പ്രകാരം എ.കെ.കെ.ആർ ബോയ്സ്, എ.കെ.കെ.ആർ ഗേൾസ്, പ്രഭാകര വിലാസം, പുളിക്കുപ്പറമ്പ്, ജനത എ.യു.പി.എസ് എന്നീ മാനേജ്മെന്റ് സ്കൂളുകൾക്കും, രണ്ടാമത്തെ പ്രോജക്ട് പ്രകാരം കണ്ടന്നൂർ എ.യു.പി.എസ്, ചേളന്നൂർ എ.യു.പി.എസ്, മുതുവാട് എ.യു.പി.എസ്, യൂണിയൻ എ.എൽ.പി.എസ്, എസ്.എൻ ട്രസ്റ്റ് സ്കൂൾ എന്നീ മാനേജ്മെന്റ് സ്കൂളുകൾക്കും ഉൾപ്പെടെ 10 മാനേജ്മെന്റ് സ്കൂളുകൾക്ക് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി 2,176,968/-രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് രൂപ) മേൽപറഞ്ഞ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/തസ്വഭവ തിയ്യതി.29.01.2018 ഖണ്ഡിക 7.6.8 പ്രകാരം, എല്ലാ സർക്കാർ സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും വാഷ്ബെയ്സിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമേ എയ്ഡഡ് സ്കൂളുകൾക്ക് ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ പാടുള്ളൂ. 2020-21 -ൽ പുതിയ പ്രോജക്ട് ആയി തുടങ്ങിയ ഈ രണ്ട് പ്രോജക്ടുകളുടേയും പ്രോജക്ട് രൂപീകരണ ഫോറം 3 -ൽ ക്രമ നമ്പർ 55 ആയി ഭരണാനുമതിയുടെ നമ്പറും തിയ്യതിയും കാണിച്ചിരിക്കുന്നത് 01/21/21.01.2021 ആണ്. എന്നാൽ ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ 21.01.2021 തിയ്യതിയിലെ മീറ്റിംഗിൽ ഈ രണ്ട് പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം നൽകിയിട്ടില്ല. പിന്നീട് 27.01.2022ൽ പണി പൂർത്തീകരിച്ചതിനു ശേഷം 04.02.2022ൽ 16 മെമ്പർമാർ പങ്കെടുത്ത ഭരണ സമിതി യോഗത്തിൽ അജണ്ട 3 തീരുമാനം 1 പ്രകാരം "ഗവ.സ്കൂളുകൾക്ക് ആവശ്യത്തിന് ടോയ്‌ലെറ്റ് ഉള്ളതുകൊണ്ടും കൂടുതൽ ടോയ്‌ലെറ്റ് ആവശ്യമില്ലാത്തതുകൊണ്ടും സഹചര്യത്തിലുമാണ് എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനായി പദ്ധതി വകയിരുത്തിയത് എന്ന് അംഗീകരിച്ചു തീരുമാനിച്ചു." എന്ന തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ 2021-22 ബജറ്റ് തയ്യാറാക്കുന്നതിനായി ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സ് പഞ്ചായത്തിന് സമർപ്പിച്ച ആവശ്യമുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റിൽ സർക്കാർ സ്കൂളുകളിൽ യൂറിനലുകളുടേയും ടോയ്‌ലെറ്റുകളുടേയും

അപര്യാപ്തതയുണ്ടെന്നും അവയ്ക്കായി പണം നീക്കിവെയ്ക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഓഡിറ്റ് സമയത്ത് നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 2/2021-22 ന് നൽകിയ മറുപടിയിൽ 3 സർക്കാർ സ്കൂളുകളിൽ 2 സർക്കാർ സ്കൂളുകൾക്കും യൂറിനലുകളുടേയും ടോയ്‌ലെറ്റുകളുടേയും വാഷ്ബെയ്സിനുകളുടേയും വലിയ ദൗർലഭ്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മൂത്രപ്പുരകളുടേയും ടോയ്‌ലെറ്റുകളുടേയും വാഷ്ബെയ്സിനുകളുടേയും കാര്യത്തിൽ ശോചനീയാവസ്ഥ നിലനിൽക്കെ മാനേജ്മെന്റ് സ്കൂളുകൾക്ക് തുക ചെലവഴിച്ചിന് വിശദീകരണം നൽകേണ്ടതാണ് ഓഡിറ്റ് എൻക്വയറി 30/2021-22 മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശം മറികടന്ന് ചെലവഴിച്ച 2,176,968/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക അസി.എഞ്ചിനീയർ, സെക്രട്ടറി, ഈ രണ്ട് പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം നൽകിയ 04.02.2022 -ലെ ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത 16 മെമ്പർമാർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-16 ജനകീയ ഹോട്ടൽ- വാടകയിനത്തിൽ അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 23/22(സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ ജനകീയ ഹോട്ടൽ |
| അടങ്കൽ | 150000(വികസന ഫണ്ട്)+ 50000(തനത് ഫണ്ട്) = 200000 |
| ചെലവ് | 4344++11700+112000=128044(വികസന ഫണ്ട്) |
| ബിൽ സാങ്ഷൻ നം/തീയതി | 391/18-3-22,212/18-1-22,340/4-3-22 |

പ്രോജക്ട് പ്രകാരം വാർഡ് 15ലെ 15/360,15/361 എന്നീ കടമുറികളിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ കറന്റ് ബിൽ, വാടക എന്നിവ നൽകുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. കറന്റ് ബിൽ ഇനത്തിൽ 16044/- രൂപയും വാടകയിനത്തിൽ 112000/- രൂപയുമാണ് ചെലവഴിച്ചരിക്കുന്നത്. ചേളന്നൂർ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ 21-7-2021 ലെ വാല്വേഷൻ പ്രകാരം മേൽ കടമുറികളുടെ

വാടകയായി നിശ്ചയിച്ചിരിക്കുന്ന മാസ വാടക 4330/- രൂപയാണ്. 18-8-21ലെ 3(1)/2021 ലെ പഞ്ചായത്ത് തീരുമാന പ്രകാരം ഉടമസ്ഥരുടെ അപേക്ഷ പരിഗണിച്ച് കടയുടെ വാടക 7000/- രൂപയായി അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് 2021 സെപ്റ്റംബർ 8 ന് ഉടമസ്ഥരായ ശ്രീ.ഷാജിൽകുമാർ.കെ.കെ, ശ്രീ.അനിൽകുമാർ.കെ.കെ എന്നിവരുമായി 7000/- രൂപ വാടകയിൽ കടമുറിയിൽ ജനകീയ ഹോട്ടൽ നടത്തുന്നതിന് വാടകയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. 2020 നവംബർ മുതൽ പഞ്ചായത്തിൽ അടിയന്തിരമായി ജനകീയ ഹോട്ടൽ പ്രവർത്തിച്ചു വരുന്നുണ്ട്. തുടർന്ന് 9/2020 മുതൽ 12/2021 വരെയുള്ള 16 മാസ വാടക 7000/- രൂപ നിരക്കിൽ ആകെ 112000/- രൂപ ശ്രീ.ഷാജിൽകുമാറിന് നൽകിയിട്ടുണ്ട്. 13-8-2021ലെ സ.ഉ (സാധാ) നം 1567/2021ത.സ്വ.ഭ.വ പ്രകാരം ജനകീയ ഹോട്ടലുകൾക്ക് പി.ഡബ്ല്യു.ഡി നിരക്കിനേക്കാൾ 50% അധികം വരെ വാടക തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം വാടക നൽകുകയാണെങ്കിൽ ഒരു മാസത്തെ വാടക 6495/- രൂപ (4330x50%=2165+4330=6495) ആയിരിക്കും എന്നാൽ ഇതിനു പകരമായി 7000/- രൂപ നൽകുക വഴി ഓരോ മാസവും 505/- രൂപ (7000-6495) അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം 16 മാസത്തേക്ക് 8080/- രൂപ (16x505) വാടകയിനത്തിൽ അധികം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാതെ വാടകയിനത്തിൽ അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (7/18-11-22) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-17 അങ്കണവാടി മോഡണൈസേഷൻ- പ്രൊജക്റ്റ് നിർവഹണത്തിലെ അപാകതകൾ

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്റ്റ് നമ്പർ/ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ നം/തീയതി |
|---|---|---|---|
| 226/22 (സ്പിൽ ഓവർ) അങ്കണവാടി ആധുനികവൽക്കരണം | 200000 (റോഡിതര സംരക്ഷണ ഗ്രാന്റ് ) | 195284 | 379/16-3-22 |

അങ്കണവാടികൾ ക്രാഡിൽ പദ്ധതിയുടെ ഭാഗമായി മാതൃകാ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളായ അങ്കണവാടി ആധുനിക വൽക്കരണം (ക്ലാസ്റൂം, കളിസ്ഥലം), പഠനോപകരണങ്ങൾ തയ്യാറാക്കൽ (റീഡിംഗ് മെറ്റീരിയൽ, ഡ്രോയിംഗ് മെറ്റീരിയൽ) എന്നിവയാണ് പ്രോജക്റ്റിൽ

ലക്ഷ്യമിട്ടിരിക്കുന്നത്. പ്രോജക്ട് പ്രകാരം ഒളോപ്പാറ (സെന്റർ നമ്പർ- 130), അങ്കണവാടി ആധുനികവൽക്കരണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥ മേൽ ബിൽ പ്രകാരം 1,95,284/- രൂപ പിൻവലിച്ച് ആർട് കോ ലിമിറ്റഡ് കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1) ക്രാഡിൽ പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ച അങ്കണവാടിയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിഗണിക്കാതെയാണ് വിവിധ കളി ഉപകരണങ്ങളും മറ്റും അങ്കണവാടികളിൽ ലഭ്യമാക്കിയിരിക്കുന്നത്. ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം മിക്ക ഉപകരണങ്ങളും കുട്ടികൾക്ക് ഉപകരിക്കും വിധം വിന്യസിക്കാൻ കഴിയാതെ അങ്കണവാടികളിൽ കൂട്ടിയിട്ട നിലയിലാണുള്ളതെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ, ടീച്ചർ എന്നിവരോട് നേരിട്ട് അന്വേഷിച്ചതിൽ നിന്നും ബോധ്യമായി. മാത്രമല്ല അങ്കണവാടിക്ക് ആവശ്യമായ കളി ഉപകരണങ്ങൾ ഏതെല്ലാമെന്ന് നിർവഹണ ഉദ്യോഗസ്ഥ ആർട് കോയെ അറിയിച്ചതായി കാണുന്നില്ല. ആർട് കോ ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് തുക ചെലവിട്ടതായാണ് കാണുന്നത്.

2)ക്രാഡിൽ അങ്കണവാടിയാക്കുന്നതിന്റെ ഭാഗമായി കാഡ്കോവിൽ സാമ്പത്തിക വർഷം 22 ഇനങ്ങൾക്കായി 195284 രൂപ ആർട്കോയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 13ാമ ത്തെ ഇനമായി അങ്കണവാടിയുടെ ചുമരിൽ ആർട് പെയിന്റ് ചെയ്തതിന് 30934.4 രൂപയും, 20 ാമത്തെ ഇനമായി അങ്കണവാടിയുടെ കോമ്പൗണ്ട് വാൾ മുന്നിലും സൈഡിലുമായി പെയിന്റ് ചെയ്തതിന് 12,992/- രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ ഈടാക്കിയിട്ടുണ്ട്. പെയിന്റിംഗ് വർക്കിന്റെ അളവ് എവിടെയും രേഖപ്പെടുത്തിയിട്ടുമില്ല. മേൽ പ്രവൃത്തികൾക്ക് വാല്യേഷനില്ലാതെ തുക നൽകിയത് ശരിയായ നടപടിക്രമമല്ല.

3.വാങ്ങലുകൾക്ക് പ്രൊക്യുർമെന്റ് കമ്മറ്റി തീരുമാനമില്ല .

പഞ്ചായത്തിന്റെ 20-21, 21-22 കാലയളവിലെ പ്രൊക്യുർമെൻറ് കമ്മറ്റി മിനുട്സ് പരിശോധിച്ചപ്പോൾ ആർട്കോയിൽ നിന്നും അങ്കണവാടികൾക്ക് സാധനങ്ങൾ വാങ്ങിയത് പ്രൊക്യുർമെന്റ് കമ്മറ്റിയിൽ തീരുമാനമെടുക്കാതെയാണെന്ന് കണ്ടു.

4.ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയില്ല.

ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ അവർ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് വാങ്ങിയ കളിക്കോപ്പുകൾ ആർട്കോ സ്വന്തം നിലയിൽ

നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. കളിക്കോപ്പുകൾ നിർമ്മിക്കുന്നതിനും മേൽ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനും ഈ കാലയളവിൽ സർക്കാർ അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

5.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

സാധനങ്ങളുടെ വാങ്ങൽ, ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (10/18-11-22) മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് മതിയായ വിശദീകരണം നൽകിയും രേഖകൾ ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.അതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-18 മരണമടഞ്ഞ വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക കൈമാറിയത് വഴി സർക്കാരിന് ഭീമമായധനനഷ്ടം സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ്‌വെയറിലെ വിവരങ്ങളും മരണ രജിസ്ട്രേഷൻ വിവരങ്ങളും ഓരോ സെക്ഷൻ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കി. അന്വേഷണ റിപ്പോർട്ടുകളും പരിശോധിച്ചതിൽ നിന്ന് ഗുണഭോക്താക്കൾക്ക് മരണശേഷം പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. സാമൂഹ്യ സുരക്ഷ പെൻഷനുകളും ക്ഷേമ നിധി പെൻഷനുകളും കിടപ്പ് രോഗികൾക്ക് ഡയറക്ട് ടു ഹോം എന്ന രീതിയിൽ സഹകരണ ബാങ്കുകൾ വഴി നേരിട്ട് നൽകുകയും മറ്റ് വ്യക്തികൾക്ക് തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയുമാണ് ചെയ്ത് വരുന്നത് .

ഗ്രാമപഞ്ചായത്തിലെ ഡയറക്ട് ടു ഹോം എന്ന രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന താഴെ പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും അനർഹമായി പെൻഷൻ തുക എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ തുക വ്യക്തികൾ കൈപ്പറ്റിയിട്ടില്ലെന്നും, തുക തടഞ്ഞുവെച്ചിരിക്കുന്നുവെന്നും സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായി ബാങ്കുകളിലെത്തിയ തുക തിരികെ അടവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവന യിലെ വിവര ങ്ങൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | പ്രകാരം തുക പെൻഷൻ കൈമാറിയ അവസാന മാസം | |
| 1 | ദേവകി | കർഷക തൊഴിലാളി പെൻഷൻ | 110410 100224 | 13.08.20 | 2022 ജനുവരി | 2019 ആഗസ്റ്റ് മുതൽ 2022 ജനുവരി വരെ 39,800/- രൂപ ബാങ്കിന് കൈമാറി യിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരി ക്കുകയോ, ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പി ക്കുകയോ ചെയ്യിട്ടില്ലാത്ത തിനാൽ തടഞ്ഞുവെ ച്ചിരിക്കുന്നു. നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| 2 | കാർത്ത്യായനി | കർഷക തൊഴിലാളി പെൻഷൻ | 110410 100982 | 29/10/19 | 2022 സെപ്തം ബർ വരെ | 2019 ആഗസ്റ്റ് മുതൽ 2022 സെപ്തംബർ വരെ 55000/- രൂപ ബാങ്കിന് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കൈമാറി യിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരി ക്കുകയോ, ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പി ക്കുകയോ ചെയ്തിട്ടില്ലാത്ത തിനാൽ തടഞ്ഞുവെ ച്ചിരിക്കുന്നു. നിലവിലും ആക്ടീവാണ്. |
| 3 | കാർത്ത്യായനി | കർഷക തൊഴിലാളി പെൻഷൻ | 110410 101109 | മരണപ്പെട്ട-തീയതി രേഖപ്പെ ടുത്തി യിട്ടില്ല. | 2022 സെപ്തംബർ വരെ | 2019 ആഗസ്റ്റ് മുതൽ 2022 സെപ്തംബർ വരെ 73000/- രൂപ ബാങ്കിന് കൈമാറി യിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരി ക്കുകയോ, ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പി ക്കുകയോ ചെയ്തിട്ടില്ലാ ത്തതിനാൽ തടഞ്ഞുവെ ച്ചിരിക്കുന്നു. നിലവിലും |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ആക്ടീവാണ്. |
| 4 | അബ്ദുറഹിമാൻ | കർഷക തൊഴിലാളി പെൻഷൻ | 110410 101109 | 17/11/20 | 2022 സെപ്റ്റംബർ വരെ | 2019 ആഗസ്റ്റ് മുതൽ 2022 സെപ്റ്റംബർ വരെ 55000/- രൂപ സഹകരണ ബാങ്കിന് കൈമാറി യിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരി ക്കുകയോ, ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പി ക്കുകയോ ചെയ്തിട്ടില്ലാത്ത തിനാൽ തടഞ്ഞുവെ ച്ചിരിക്കുന്നു. നിലവിലും ആക്ടീവാണ്. |
| 5 | യശോദ | വിധവ പെൻഷൻ | 110410 600437 | 15/12/18 | 2022 സെപ്റ്റംബർ വരെ | 2019 ആഗസ്റ്റ് മുതൽ 2022 സെപ്റ്റംബർ വരെ 55000/- രൂപ ബാങ്കിന് കൈമാറി യിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരി ക്കുകയോ, ഹോം മസ്റ്ററിംഗിന് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അപേക്ഷ സമർപ്പി ക്കുകയോ ചെയ്തിട്ടില്ലാത്ത തിനാൽ തടഞ്ഞുവെ ച്ചിരിക്കുന്നു. നിലവിലും ആക്ടീവാണ്. |
| 6 | ശാന്ത വി.കെ | വാർദ്ധക്യ കാല പെൻഷൻ | 110410 201200 | മരണപ്പെട്ടു. 2021 ലെ സെക്ഷൻ റിപ്പോർട്ട് പ്രകാരം | 2022 സെപ്തംബർ വരെ | 2019 ആഗസ്റ്റ് മുതൽ 2022 സെപ്തംബർ വരെ 55000/- രൂപ ബാങ്കിന് കൈമാറി യിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരി ക്കുകയോ, ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പി ക്കുകയോ ചെയ്തിട്ടില്ലാ ത്തതിനാൽ തടഞ്ഞുവെ ച്ചിരിക്കുന്നു. നിലവിലും ആക്ടീവാണ്. |
| ആകെ | | | | | | 3,32,800/- |

23.09.2020 തീയതിയിലെ സ.ഉ.(എം.എസ്)നം.97/2020/ധന നമ്പർ ഉത്തരവ് ഖണ്ഡിക സി 12 പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ഖണ്ഡിക സി13 പ്രകാരം പെൻഷൻ വിതരണം

നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും. പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അത്തരക്കാരെ അന്വേഷണത്തിന് ശേഷം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. ഖണ്ഡിക സി 14 പ്രകാരം പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരുകളെ അറിയിക്കാതെ അനന്തരവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് അടിയന്തിരമായി ഒഴിവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്തിലെ 2021 വർഷത്തിലെ മരണരജിസ്റ്ററും ഏതാനും മരണ രജിസ്ട്രേഷൻ അപേക്ഷകളും, അന്വേഷണ റിപ്പോർട്ടുകളും പരിശോധിച്ചതിൽ നിന്ന് മാത്രം മേൽ വിവരിച്ച പ്രകാരം 3,32,800/- രൂപ അനർഹമായി പെൻഷൻ നൽകിയതായി കാണുന്നതിൽ നിന്നും ഗ്രാമപഞ്ചായത്ത് മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് വ്യക്തമാണ്. മുൻ വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ വെച്ച് മരണപ്പെട്ടതും പഞ്ചായത്ത് പരിധിക്ക് പുറത്ത് മരണപ്പെട്ടതുമായ പെൻഷൻ ഗുണഭോക്താക്കളായിരുന്നവർക്ക് പെൻഷൻ വിതരണം ചെയ്ത വിവരങ്ങൾ കൂടി പരിശോധിച്ചാൽ ഭീമമായ തുക സർക്കാരിന് നഷ്ടം സംഭവിച്ചത് കണ്ടെത്താൻ കഴിയും എന്ന് അനുമാനിക്കുന്നു.അതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് അനർഹരേ നീക്കം ചെയ്യേണ്ടതും. അനർഹമായി പെൻഷൻതുക വിതരണം ചെയ്തതിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (18/202122 /19.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അനർഹമായി പെൻഷൻ തുക വിതരണം ചെയ്തതിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

1-19 വിള ഇൻഷ്വറൻസ് ഹാജരാക്കാതെ കൂലിച്ചെലവ് നൽകുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 1/22, നെൽകൃഷി വികസനം

സാങ്ഷൻ ഓർഡർ നമ്പർ, തുക : 1) 320/26.02.2022, 34,800/-

: 2) 318/26.02.2022, 29,000/-

: 3) 319/26.02.2022, 34,800/-

: 4) 114/27.10.2021, 56,760/-

: 5) 113/27.10.2021, 47,300/-

: 6) 125/01.11.2021, 56,760/-

: 7) 184/31.12.2021, 28,4400/-

: 8) 186/01.01.2022, 23,700/-

: 9) 190/07.01.2022, 28,440/-

പ്രോജക്ട് പ്രകാരം 340,000/- രൂപ (മൂന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപ) മേൽപറഞ്ഞ 9 ബില്ലുകൾ പ്രകാരം 71 നെൽ കർഷകർക്ക് നെൽകൃഷിക്ക് കൂലിച്ചെലവായി നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ -ധനസഹായം- അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ)22/2018/തസ്വഭവ തിയ്യതി.14.02.2018 ഖണ്ഡിക 6.1 പ്രകാരം,വിള ഇൻഷ്വറൻസ് തുക കർഷകർ മുൻകൂറായി അടച്ചതിനു

ശേഷമാണ് നെൽകൃഷിക്ക് കൂലിച്ചെലവ് അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ വിള ഇൻഷൂറൻസ് ചെയ്തതായി രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. വിള ഇൻഷൂറൻസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 28/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിള ഇൻഷൂറൻസ് ചെയ്തതിന്റെ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു. വിള ഇൻഷൂറൻസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1- 20 കെ.വൈ.ഐ.പി.ഡെപ്പോസിറ്റ് പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ വിവിധ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് താഴെ പറയും പ്രകാരം കെ.വൈ.ഐ.പി.യിൽ ഡെപ്പോസിറ്റായി തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | ഡിപ്പോസിററ് തുക/ഫണ്ടിനം | ബിൽ സാങ്ഷൻ നം./തീയതി |
|---|---|---|---|
| 1 | 178/22 വെള്ളാംകൂർ തച്ചോറമല കനാൽ മേൽപാല നിർമ്മാണം | 1000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 366/14-3-22 |
| 2 | 167/22കുമാരസ്വാമി കടുത്തലപ്പുറത്ത് താഴം റോഡ് ടാറിംഗ് | 300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 452/27-3-22 |
| 3 | 81/22 മുതുവാട്ട് താഴം കനാൽ റോഡ് | 700000 (റോഡ് സംരക്ഷണ ഗ്രാന്റ്) | 367/14-3-22 |
| 4 | 78/22 അഞ്ചാം വളവ് കൃഷിഭവൻ റോഡ് | 631000 (തനത് ഫണ്ട്) + 169000 (റോഡ് സംരക്ഷണ ഗ്രാന്റ്) = 800000 | 396/18-3-22<br>397/18-3-22 |

| | | | |
|---|---|---|---|
| | ആകെ | 2800000 | |

പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം ഫൈനൽ ബിൽ എന്നിവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ജി.ഒ.(എം.എസ്)11/ 2018/ത.സ്വ.ഭ.വ./29.1.2018 ഉത്തരവ് പ്രകാരം ഡിപ്പോസിററ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി സെക്രട്ടറി കെ.വൈ.ഐ.പി. പേരാമ്പ്ര ഡിവിഷൻഎക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്തിന് മറുപടിയായി (15-11-22 തീയതിയിലെ ഇ-3 5044 നം.കത്ത്) ക്രമ നമ്പർ 1, 4 പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായും ക്രമ നമ്പർ 2, 3 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച് സ്ഥലം കരാറുകാർക്ക് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. കെ.വൈ.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേററ് പ്രകാരം ക്രമ നം.1, 2, 3, 4 പ്രവൃത്തികൾക്ക് 12.5%സെന്റേജ് ചാർജ്ജായി യഥാക്രമം 99108, 29231, 69397, 79363 എന്നിങ്ങനെ 2,77,099/- രൂപ ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തുകയ്ക്കൊപ്പം ഒടുക്കിയിട്ടുണ്ട്. എന്നാൽ ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേററ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യുഡി മാന്വൽ ഖണ്ഡിക 1601.4 പ്രകാരവും 17.01.2018 ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 4.76, 16-4-2018 ലെ സ.ഉ(സാധാ)നം/1069/2018 ത.സ്വ.ഭ.വ എന്നിവ പ്രകാരവും പി.ഡബ്ല്യു.ഡി. മാന്വൽ ജലസേചന വകുപ്പിനും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ഈടാക്കാൻ പാടില്ല. ഇതിനു വിരുദ്ധമായി ഗ്രാമപഞ്ചായത്ത് 12.5% നിരക്കിൽ സെന്റേജ് ചാർജ്ജ് അടവാക്കി.

2.കെ.വൈ.ഐ.പിയുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. മേൽ പരാമർശിച്ച സർക്കാർ ഉത്തരവു പ്രകാരം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. എന്നാൽ ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (13/19-11-22) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകിയും അധികമായി നൽകിയ സെന്റേജ് ചാർജ് വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കിയും പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ

ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്. അതുവരെ ഡെപ്പോസിറ്റ് ചെയ്ത 28 ലക്ഷം രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-21 ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവഴിച്ചില്ല.

സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 23,12,865/-രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയതിൽ 7,09,009/- രൂപ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലും 16,03,856/-ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും ചെലവഴിക്കാതെ അവശേഷിച്ച തുകയാണ്. പ്രസ്തുത തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ലഭ്യമായ വർഷം, തീയതി, ഏത് പദ്ധതിയ്ക്ക് ലഭ്യമായ തുകയാണ് എന്ന വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇവയുടെ ലഡ്ജർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 17 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായുള്ള ബാങ്ക് അക്കൗണ്ടിലെ നിക്കിയിരിപ്പ് തുക 26,63,815/- രൂപയാണ് അതായത് വ്യത്യാസം 3,50,950/- രൂപ ഈ തുക സബ്ബ് ട്രഷറിയിൽ നിന്നും ഡിജിറ്റൽ ക്യാഷായി ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതാണ് . വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / *തീയതി* | ഇനം | തുക | റിമാർകസ് |
|---|---|---|---|
| 1210000050/08/09/21 | Liability In Respect Of Stale Cheque | 2592 | Digital Cash On/20/07/21 |
| 1210000051/08/09/21 | Liability In Respect Of Stale Cheque | 11692 | Digital Cash On/20/07/21 |
| 1210107651/24/09/21 | 0ther Deposit | 7140 | Digital Cash On/28/07/21 |
| 1210000275/24/09/21 | 0ther Deposit | 329526 | Digital Cash On/28/01/22 |

| | | | |
|---|---|---|---|
| | | 3,50,950 | |

മേൽ തുക ഏത് തരം/ആവശ്യത്തിനുള്ള വരവാണെന്ന് അക്കൗണ്ടന്റിനോട് നേരിൽ അന്വേഷിച്ചതിൽ സ്ഥാപനത്തിന്റെ വരവല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഈക്കാര്യത്തിൽ വ്യക്തത വരുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

23.01.2017 ധനകാര്യ വകുപ്പിന്റെ സ.ഉ (പി) നം.07/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ട് - മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനായി ഒരു STSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കാവുന്നതാണെന്നും, സെപ്തംബർ 30 ന് മുമ്പ് സ്ഥാപനങ്ങൾ ഈ അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും നിഷ്ക്രഷിച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 23,12,865/- രൂപ തിരികെ നൽകാത്തതിനും, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനും മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.

പ്രസ്തുത എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മുൻകാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി 2017-18 വർഷത്തിലും, 2018 -19 വർഷത്തിലും ലഭിച്ച തുകയിൽ ചെലവഴിച്ച് ബാക്കി നിൽക്കുന്ന തുകയാണ് ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ അവശേഷിക്കുന്നതെന്നും, പ്രസ്തുത അക്കൗണ്ടിൽ ബാക്കിയുള്ള തുക സംബന്ധിച്ച് സർക്കാരിലേക്ക് അറിയിച്ചിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ചെറുന്നിയിൽ കുടിവെള്ള പദ്ധതി, കാക്കർമല കുടിവെള്ള പദ്ധതി, പകൽ വീട്, ബ്രിക്ക് നിർമ്മാണം എന്നിവയ്ക്കായി തന്ന തുകയിൽ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ബാക്കി നിൽക്കുന്ന തുകയും, 3,50,000/- രൂപ എം.ജി.എൻ.ആർ.ജി.എ പ്രോജക്ടിൽ ബ്രിക്ക് ഇംപ്ലിമെന്റ് നടക്കാതെയും അവശേഷിക്കുന്ന തുകയാണെന്നും അറിയിച്ചിട്ടുണ്ട്.

7,09,009/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്ന് അംബേദ്കർ കുടിവെള്ള പദ്ധതിയ്ക്കായി ലഭിച്ച 10 ലക്ഷം രൂപയിൽ ബാക്കിയുള്ള തുകയാണെന്നും അറിയിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന

3,50,950/-രൂപ ഡിജിൽ ക്യാഷായി ക്രഡിറ്റ് ചെയ്തതിനാൽ വ്യക്തത വരുത്തുന്നതിനായി ട്രഷറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 23,12,865/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്, കൂടാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന 3,50,950/- രൂപ വ്യക്തത വരുത്തി തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1- 22 ഇരുവള്ളൂർ ഗവ. യു.പി.സ്കൂളിന് സ്ഥലം വാങ്ങൽ - പ്രൊജക്റ്റ് നിർവ്വഹണം - അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

വകയിരുത്തിയ തുക – 550000- തനത് ഫണ്ട്

ചെലവ് തുക - 500000

ബിൽ - സാങ്ഷൻ നം. 451/27.03.2022

ഇരുവള്ളൂർ ഗവ. എൽ.പി.സ്കൂളിന്റെ കളിസ്ഥലം, അടുക്കള, ടോയ്‌ലെറ്റ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലായതിനാൽ ആയത് ഫെയർ വാല്യുവിനനുസരിച്ച് പഞ്ചായത്ത് വാങ്ങുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ശ്രീ.നരിക്കോട്ട് രാമകൃഷ്ണൻ, ശ്രീമതി.ഗീത.എൻ മുതൽ പേരുടെ കൈവശമുള്ള (അമ്മയായ നരിക്കോട്ട് ജാനകിയമ്മയിൽ നിന്നും കൈമാറി കിട്ടിയത്) നിലവിലുള്ള സ്കൂളിനോട് തൊട്ടടുത്ത 12 സെന്റ് സ്ഥലം ഫെയർ വാല്യു നിശ്ചയിച്ചത് പ്രകാരം 5 ലക്ഷം രൂപ വില കൊടുത്തു വാങ്ങിയിട്ടുണ്ട്. (സർവ്വേ നം. 20/43) ഇതേ സർവ്വേ നമ്പറിലുള്ള സ്കൂളിനോട് ചേർന്ന 18 ½ സെന്റ് സ്ഥലം സ്കൂളിന് സൗജന്യമായും വിട്ടു കൊടുത്തിട്ടുണ്ട്. പഴയ കെട്ടിടവും സ്റ്റേജിന് ശേഷമുള്ള സ്ഥലവും ഉടമകൾക്ക് വിട്ടു നൽകുന്നതിനും തീരുമാനിച്ചു.

പ്രോജക്റ്റ് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ഫയൽ നം. എ4-2224/21 പ്രകാരം ഒ.എസ്.നം. 43/20 ആയി പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് ഉടമസ്ഥർ (ശ്രീതി.ഗീത) പഞ്ചായത്തിനെതിരെ നൽകിയ കേസ് നിലനിൽക്കുന്നുണ്ട്. കേസ് ഫയൽ പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം വളരെ വർഷങ്ങൾക്കു മുമ്പ് നരിക്കോട്ട് ജാനകിയമ്മയിൽ നിന്ന് കേരളാ ഗവൺമെന്റ് സ്കൂൾ നടത്തിപ്പിനായി ലീസിന് എടുത്താണെന്നും, 1984 ൽ ലീസ് എഗ്രിമെന്റ് 3 വർഷത്തേക്ക് പുതുക്കി 01.04.1985 മുതൽ 500 ആയും 01.06.2003 മുതൽ 3485 രൂപയായും പുതുക്കിയിട്ടുണ്ടെന്നും 31.03.2015 വരെ പുതുക്കാതെ ഇതേ നിരക്കിൽ വാടക അടച്ചിട്ടുണ്ടെന്നും മനസ്സിലാകുന്നു. 01.04.2015 മുതൽ വാടക കുടിശ്ശികയാണ്. ലീസ് എഗ്രിമെന്റ് തെറ്റിച്ചതിനും വാടക കുടിശ്ശികയാക്കിയതിനും വക്കീൽ മുഖാന്തിരം 31.01.2020 ന് പഞ്ചായത്തിന് നോട്ടീസ് നൽകിയെങ്കിലും

പഞ്ചായത്ത് മറുപടി നൽകാത്തതിനാൽ പഞ്ചായത്തിനെതിരെ കേസ് നൽകി.

ഫയലിൽ ഉൾപ്പെടുത്തിയ 30.01.1976 ലെ ചേളന്നൂർ ലാന്റ് ട്രൈബ്യൂണൽ ക്രയവിക്രയ സർട്ടിഫിക്കറ്റ് പ്രകാരം 1976ലെ 5149ാം അപേക്ഷ പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായ 20/9 റീസർവ്വേ നമ്പറിലുള്ള 53 $^{1}/_{4}$ സെന്റ് സ്ഥലം പ്രസ്തുത ഭൂമിയിലെ കുടിയാന്മാരായ 1. ശ്രീമതി. നരിക്കോട് ജാനകി അമ്മ, 2.ശാന്തകുമാരി അമ്മ പടിഞ്ഞാറ്റം മുറി എന്നവർക്ക് പതിച്ചു കൊടുത്തതായി പറയുന്നു. 09.11.2020 -ൽ ഇരിവള്ളൂർ ഗവ. യു.പി.സ്കൂൾ ഹെഡ് മിസ്ട്രസ് ചേവായൂർ എ.ഇ.ഒ.ക്കയച്ച കത്തിൽ 1924 മുതൽ സ്കൂൾ സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നതായി പറയുന്നു. സ്കൂളിന്റെ സ്ഥലം വാങ്ങുമ്പോഴും ബാക്കി സ്ഥലം വിട്ടൊഴിയുമ്പോഴും മേൽ പ്രസ്താവിച്ച കാര്യങ്ങളിലെ വൈരുദ്ധ്യം പരിശോധിച്ച് സ്ഥലത്തിന്റെ യഥാർത്ഥ ഉടമസ്ഥാവകാശം ആർക്കാണെന്ന് ഉറപ്പാക്കിയിട്ടില്ല. ലീസ് എഗ്രിമെന്റ്, വാടക കരാർ എന്നിവ ഫയലിൽ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2. പഞ്ചായത്ത് വിലക്കെടുത്തു വാങ്ങിയ 12 സെന്റ് സ്ഥലത്തിന്റെ ആധാരം പരിശോധിച്ചതിൽ സ്ഥലത്തിന്റെ സർവ്വേ നമ്പർ, റീ സർവ്വേ നം. എന്നിവ യഥാക്രമം 20/43 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ചേളന്നൂർ വില്ലേജ് ഓഫീസർ സമർപ്പിച്ച ഫെയർ വാല്യു സർട്ടിഫിക്കറ്റ് പ്രകാരം ഇരുവള്ളൂർ ദേശത്തെ റി.സ. 84/1,2 ൽ പെട്ട ഭൂമിയ്ക്ക് യഥാക്രമം 1 ആർ ന് 66000/-, 77000 എന്നിങ്ങനെയാണ് ഫെയർ വാല്യു കണക്കാക്കിയത്. ആധാരത്തിൽ കാണിച്ചിരിക്കുന്ന സർവ്വേ നം./ റീ സർവ്വേ നമ്പർ എന്നിവയും ഫെയർ വാല്യു സർട്ടിഫിക്കറ്റിലുള്ള സർവ്വേ നം./ റീ സർവ്വേ നമ്പർ എന്നിവ തമ്മിലും വൈരുദ്ധ്യം കാണുന്നു. ആയത് വിശദീകരിക്കപ്പെടേണ്ടതാണ്.

3. 16.07.2021 തിയ്യതിയിൽ സ്കൂൾ സ്ഥലവുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനായി പഞ്ചായത്തിൽ വെച്ചു നടന്ന ഉഭയ കക്ഷി ചർച്ചയിൽ സ്റ്റേജ്, കിച്ചൺ ഉൾപ്പെടെയുള്ള 18 ½ സെന്റ് സ്ഥലം വിട്ട് നൽകുന്നതിനും ബാക്കി വരുന്ന 12 സെന്റ് സ്ഥലം 5 ലക്ഷം രൂപ വില നിശ്ചയിച്ച് വിലയാധാരം നൽകുന്നതിനും തീരുമാനമായതാണ്. കുടിശ്ശിക വാടക നിലവിലുള്ള സ്കൂൾ കെട്ടിടം പൂർത്തിയായ സാഹചര്യത്തിലും കെട്ടിടത്തിന് കുടിശ്ശികയായ കാലം മുതൽ തന്നെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സാഹചര്യത്തിലും അനുവദിക്കാൻ കഴിയില്ലെന്ന കാര്യവും ചർച്ച ചെയ്ത് ഇരുകൂട്ടരും അംഗീകരിച്ചതാണ്. സ്റ്റേജും കിച്ചണും ഉൾപ്പെടുന്ന 18 ½ സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകുന്നത് ഏറ്റെടുക്കുന്നതിനും സ്റ്റേജും കിച്ചണും ഒഴികെയുള്ള 12 സെന്റ് സ്ഥലത്തിന് 5 ലക്ഷം രൂപ നൽകുന്നതിനും പഴയ കെട്ടിടവും സ്റ്റേജിന് ശേഷമുള്ള സ്ഥലവും ഉടമകൾക്ക് വിട്ടു നൽകുന്നതിനും 30.07.2021 ലെ 4/1 നമ്പർ ഭരണസമിതി തീരുമാനം അംഗീകരിച്ചു. ആയത് പ്രകാരമാണ് സ്ഥലം വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ച് മുൻസിഫ് കോടതിയിലുള്ള കേസിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന വിവരം ലഭ്യമല്ല.

4. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം -3ൽ3(ബി) പ്രകാരം നിർദ്ദിഷ്ട വസ്തു വാങ്ങുന്നത് വിദ്യാഭ്യാസ ആവശ്യത്തിനാണെങ്കിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. അപ്രകാരം അനുമതി വാങ്ങിയ രേഖ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/21-11-22) മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് കൃത്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കി സ്കൂളിന് വാങ്ങിയ സ്ഥലത്തിന്റെയും കാര്യത്തിൽ കൈയ്യൊഴിഞ്ഞ സ്ഥലത്തിന്റെയും നിയമപരമായ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1- 23 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ വാങ്ങൽ - സ്കാനറുകൾ കെൽട്രോണിൽ നിന്ന് ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിൽ ILGMS സംവിധാനം വരുന്നതുമായി ബന്ധപ്പെട്ട് ഫ്രണ്ട് ഓഫീസിലേക്ക് ഉപയോഗിക്കുന്നതിനുള്ള ഡെസ്ക്ടോപ്പ്, പ്രിന്റർ എന്നിവയും, നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ കാര്യക്ഷമത കുറഞ്ഞ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ മാറ്റി പുതിയ ലാപ്ടോപ്പുകൾ ജീവനക്കാർക്ക് നൽകുക വഴി ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിനു വേണ്ടിയും കമ്പ്യൂട്ടറും, ലാപ്ടോപ്പും നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം CPRCS മുഖേനെയോ, Gem മുഖേനെയോ വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ പദ്ധതി ലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 38/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | 201045(വികസന ഫണ്ട്) + 298955 (തനത് ഫണ്ട്) = 500000 |
| ചെലവ് | 128397+28276=156673 (വികസന ഫണ്ട്)+138360+96949=235309 (തനത് ഫണ്ട്) |

| | |
|---|---|
| | = 391982 |
| ബിൽ സാങ്ഷൻ നം/തീയതി | 214/20-1-22,231/27-1-22,213/20-1-22,231/27-1-22 . |

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി റേറ്റ് കോൺട്രാക്റ്റുള്ള സ്ഥാപനമായ കെൽട്രോണിൽ നിന്ന് ഒരു ഹൈസ്പീഡ് സ്കാനർ, 3 ഡെസ്ക്ടോപ്പ്, 3 ലാപ്ടോപ്പ്, 4 സ്കാനർ എന്നിവയുടെ പെർഫോർമ ഇൻവോയിസുകൾ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 3,91,982/- മുൻകൂർ നൽകുന്നതിന് ഉത്തരവാകുകയും മേൽ പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ഇതിൽ 4 സ്കാനർ ഒഴികെയുള്ള മറ്റ് ഇനങ്ങളെല്ലാം ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇൻവോയിസ് 8/12/2021 ലെ ITBG/PI/RC/32600/21-22 (RS.28276/-) പ്രകാരമുള്ള 4 സ്കാനറുകൾ ഇതുവരെയും ലഭിച്ചിട്ടില്ല. കെൽട്രോണിന്റെ 27-3-2022ലെ TVM/ITB/RC/1118/21-22 നമ്പർ കത്ത് പ്രകാരം സ്കാനറിന്റെ ലഭ്യത കുറവായതിനാൽ ഇപ്പോൾ നൽകാൻ സാധിക്കില്ലെന്നും ഏപ്രിൽ 30 നകം ആയത് ലഭ്യമാക്കാമെന്നും അല്ലാത്ത പക്ഷം പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനായി റിക്വസ്റ്റ് അയക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സ്കാനറുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മേൽ തുകയും നാളിതുവരെ റീഫണ്ട് ചെയ്ത് ലഭ്യമായിട്ടില്ല.

കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് റിക്വസ്റ്റ് അയച്ചതായി ഫയലിൽ രേഖകളില്ല. 28,276/- രൂപ തിരികെ ഈടാക്കുന്നതിനോ സ്കാനറുകൾ ലഭ്യമാക്കുന്നതിനോ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (11/19-11-22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്കാനറുകളോ അല്ലാത്ത പക്ഷം 28,276/- രൂപയോ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അതുവരെ 28,276/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി -പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമല്ല

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|
| 140/22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 625000 (പൊതു വിഭാഗം വികസന ഫണ്ട്) + 625000 (സംസ്ഥാനാവിഷ്കൃതം) + 1250000 (ഗുണ | 625000 (പൊതു വിഭാഗം വികസന ഫണ്ട്) | 126/6-11-21 |

| | | | | |
|---|---|---|---|---|
| | | ഭോക്തൃ വിഹിതം )<br>= 2500000 | | |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 4 - 6 മാസം വരെ പ്രായമുള്ള 100 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി മേൽപ്രൊജക്ടുകൾ പ്രകാരം തദ്ദേശഭരണസ്ഥാപന വിഹിതമായി 625000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അസി.ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. കാഫ്ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടറുടെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം (നമ്പരും തീയതിയുമില്ലാത്ത) 2021-22 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി ലഭിച്ച 6,25,000/- രൂപയും സംസ്ഥാനാവിഷ്കൃത വിഹിതമായി ലഭിച്ച 6,25,000/- രൂപയും ഉൾപ്പെടെ ആകെ ലഭിച്ച 12,50,000/- രൂപയിൽ 6,98,816/- രൂപ നാളിതുവരെ വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. ഈ തുക പഞ്ചായത്തിലെ ഏതൊക്കെ കർഷകർക്ക് നൽകി, ഓരോ കർഷകരും കൈപ്പറ്റിയ കാലിത്തീറ്റയുടെ അളവ്, എന്നിവ സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭിച്ചില്ല.

പ്രോജക്ട് ലക്ഷ്യം വെക്കുന്നത് കന്നുകുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യേക തീറ്റ നൽകി ഉൽപ്പാദനശേഷി കൂടിയതും ആരോഗ്യമുള്ളതുമായ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ്. പദ്ധതി മോണിറ്ററിംഗ് ചെയ്യേണ്ട മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതല കന്നുകുട്ടികളുടെ തെരഞ്ഞെടുപ്പും തീറ്റ വിതരണവും, പദ്ധതി നടത്തിപ്പുമാണെങ്കിലും മോണിറ്ററിംഗ് സമിതി ഈ ചുമതകളൊന്നുംതന്നെ നിർവ്വഹിച്ചതായി കാണുന്നില്ല. തുക കൈമാറിയ ശേഷം ഈ വിഷയത്തിൽ യാതൊരു മോണിറ്ററിംഗും നടന്നിട്ടില്ലെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (19/18-11-22) മറുപടി നൽകിയിട്ടില്ല. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കിയുള്ള തുകയുടെ വിനിയോഗവിവരവും പ്രോജക്ടിന്റെ ഭൗതിക പുരോഗതി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1- 25 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമായില്ല

അടങ്കൽ :-2,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 2,00,000/- (ബിൽ നം.168 /21-22/22.12.21 )

മേൽ ബിൽ മുഖാന്തിരം ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി തുക ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഹോംകോയ്ക്ക് തുക നൽകി ഒരു വർഷത്തോളമായിട്ടും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ ഫോൺ മുഖേനയും മെയിൽ അയച്ചും ഹോംകോയുമായി ബന്ധപ്പെട്ടുവെങ്കിലും Priority List അനുസരിച്ച് മാത്രമേ മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചതായി ഡോക്ടർ പറഞ്ഞു. 2021-22 വർഷം പണം നൽകിയതിൽ 917 ാമത്തെ സ്ഥാപനമാണ് ചേളന്നൂർ ഹോമിയോ ഡിസ്പെൻസറി. Part Payment ആയി അത്യാവശ്യം വേണ്ട മരുന്നുകൾ പോലും ലഭ്യമാകാത്തതിനാൽ നിലവിൽ അത്യാവശ്യം വേണ്ട മരുന്നുകൾ എച്ച്.എം.സി.ഫണ്ടിൽ നിന്നുമാണ് വാങ്ങുന്നതെന്ന് ഡോക്ടർ അറിയിച്ചു.

2021-22 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 26-6-2021 ന് തന്നെ അംഗീകാരപത്രം (Veting) ലഭിച്ചിട്ടുള്ളതാണ്. എന്നാൽ മരുന്ന വാങ്ങാനുള്ള തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 3 മാസം മുൻപ് മാത്രമാണ് ഹോംകോയ്ക്ക് കൈമാറിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിലുണ്ടാവുന്ന കാലതാമസമാണ് Priority List ൽ അവസാന ഭാഗത്ത് ഇടം പിടിക്കാൻ കാരണം . ഇക്കാരണത്താൽ തന്നെ ദിവസവും ഡിസ്പൻസറിയിലേക്ക് വരുന്ന രോഗികൾക്ക് അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കാൻ പോലും പ്രയാസപ്പെടുന്ന അവസ്ഥയാണുള്ളത്. അംഗീകാരം ലഭിച്ചിട്ടും പണം കൈമാറാനുണ്ടായ കാലതാമസം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (12/18-11-22) 21-11-2021ന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ 2020-21 വരെ പ്രയോറിറ്റി ലിസ്റ്റ് എന്ന സംവിധാനം ഉണ്ടായിരുന്നില്ലെന്നും 2020-21ലെ മരുന്ന് കിട്ടാൻ അവശേഷിച്ചിരുന്നതിനാലാണ് 21-22ലെ മരുന്നിന്റെ പണം കൈമാറാൻ കാലതാമസം വന്നതെന്നും ഇനിമുതൽ കാലതാമസം വരാതെ പ്രോജക്ട് നടപ്പിലാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1- 26 ഐ.എൽ.ജി.എം.എസ് സ്സോഫ്റ്റ് വെയറിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച 2021 - 22 വർഷത്തെ വാർഷിക കണക്കുകൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയതാണ്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. സേവന സോഫ്റ്റ്‌വെയറിലെ പെൻഷൻ വിവരങ്ങൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ സേവന, സാംഖ്യ, സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ

പദ്ധതി ചെലവ് കണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ചെയ്യുന്നത്.

2. മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യം ഐ.എൽ.ജി.എം.എസ് -ൽ ലഭ്യമാണ്. മാന്വൽ രശീത് ബുക്കുകൾ സ്റ്റോക്കായി രേഖപ്പെടുത്തുന്ന രീതിയിലാണ് വ്യത്യാസമുള്ളത്. ഉദാ- 10 ബുക്ക് ലഭിച്ചാൽ 10 ബുക്കിന്റെയും നമ്പറുകൾ അതിൽ രേഖപ്പെടുത്തി വരികയാണ് ചെയ്യുന്നത്. ഒരു ബുക്ക് ഇഷ്യൂ ചെയ്ത ശേഷം അടുത്തത് ഇഷ്യൂ ചെയ്യുമ്പോൾ തൊട്ടടുത്ത നമ്പർ Active ആയി വരുന്നു. അല്ലാതെ Total Counting ലഭ്യമാകുന്നതിനുള്ള സംവിധാനമില്ല.

3. വൗച്ചർ ലിസ്റ്റ് - റെസീപ്റ്റ് വൗച്ചർ,പേയ്മെന്റ് വൗച്ചർ, കോൺട്രാ വൗച്ചർ, ജേണൽ വൗച്ചർ എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസ് -ൽ കിട്ടുന്നില്ല.

4. ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്. ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ മാന്വൽ രസീത് ചെ്യതാണ് ഐ.എൽ.ജി.എം.എസി -ൽ വരവ് വരുത്തുന്നത്. അതായത് സഞ്ചയയിൽ യഥാസമയം ഉൾപ്പെടുന്ന പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസം വരുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 18(2) പ്രകാരം പിരിച്ചെടുക്കുന്ന തുക അന്നേ ദിവസം തന്നെ ബാങ്ക് ബുക്ക്/ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

5. ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയ സെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ സമയബന്ധിതമായി പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ വരവ് വന്നിട്ടില്ല.

6. ഇ-മെയിൽ ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

7. ഐ.എൽ.ജി.എം.എസ് -ൽ നിലവിൽ ഫയൽ സൈസ് 1.m.b ആണ്. അതുകൊണ്ട് തന്നെ വലിയ ഫയലുകൾ സ്കാൻ ചെയ്ത് കയറ്റാൻ സാധ്യമല്ല.

8. ഐ.എൽ.ജി.എം.എസ് -ൽ 31.03.22 ലെ റീകൺസിലിയേഷൻ വിവരങ്ങൾ പരിശോധിച്ചതിൽ ILGMS-ൽ ബാങ്ക് ബുക്ക് നിലവിൽ View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ്, പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടില്ല നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ഐ.എൽ.ജി.എം.എസ് -ൽ സോഫ്റ്റ്‌വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവിധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ

സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

9. ഐ.എൽ.ജി.എം.എസിൽ സോഫ്റ്റ്‌വെയറിലെ റിപ്പോർട്ടുകളൊന്നും കാലികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകൾ പരിശോധിക്കാൻ സാധിക്കുന്നില്ല.

10. ന്യൂനത ഫയലുകൾ അപേക്ഷകൻ പുനർ സമർപ്പിക്കുമ്പോൾ തപാൽ സ്വീകരിക്കുന്നതിനുള്ള മൈനർ ഫംഗ്ഷൻ ഇല്ല. ഉദാഹരണമായി ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിൽ പരിശോധന നടത്തുമ്പോൾ ബിൽഡിംഗ് റഗുലറൈസ് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുമ്പോൾ Regularisation Fee യുടെ ഹെഡ് ലഭ്യമല്ല.

11. സിറ്റിസൺ പോർട്ടൽ വഴി വരുന്ന സിവിൽ രജിസ്ട്രേഷൻ അപേക്ഷകൾ റിട്ടേൺ ചെയ്യാനുള്ള ഓപ്ഷൻ നിലവിലില്ല.

12. തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ റവന്യൂ ചെലവ് വിവരങ്ങൾ 3501009999 (Other Creditors Control Account) എന്ന പേയ്മെന്റ് ഹെഡിലാണ് ചെലവ് കാണുന്നത്. കൂടാതെ തനതുഫണ്ടിന്റെ റവന്യൂ ചെലവ് വിവരങ്ങൾ അറിയുന്നതിന് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് നോക്കേണ്ടിയും വരുന്നു. അഡ്വാൻസ് നൽകുന്നതും ലയബിലിറ്റി ഹെഡിൽനിന്നുമുള്ള പേയ്മെന്റുകളും 3501009999 ഹെഡിൽ വരുന്നതിനാൽ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വിവരങ്ങൾ ലഭ്യമല്ല.

13. Cancellation Report പ്രകാരം ലഭിക്കുന്ന Cancelled Receipts സഞ്ചയ സോഫ്റ്റ് വെയറിൽ ക്യാൻസൽ ആകുന്നില്ല.

14. ട്രയൽ ബാലൻസ്, ജേർണൽ റിപ്പോർട്ട്, ക്യാഷ് ബുക്ക് സമ്മറി, ബാലൻസ് ഷീറ്റ്, ബാങ്ക് ബുക്ക്, ഫ്രണ്ട് ഓഫീസ് ഡയറി, ചിട്ട, ഡേ ബുക്ക്, ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഹെഡ് വൈസ് റിപ്പോർട്ട്, സ്റ്റാഫ് ഡ്യൂട്ടി ബുക്ക്, ഫണ്ട് ട്രാൻസ്ഫർ, മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസ് -ൽ കിട്ടുന്നത്. ഓഡിറ്റിന് വേണ്ട ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ചെക്ക് ഇഷ്യൂരജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ആസ്തിരജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, കണ്ടിജന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, നികുതി, നികുതിയേതര വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ, ബാലൻസ് റിപ്പോർട്ടുകൾ, പേഴ്സണൽ രജിസ്റ്റർ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയൊന്നും ഐ.എൽ.ജി.എം.എസ് -ൽ ഉൾപ്പെടുത്തിയി ട്ടുണ്ടെങ്കിലും റിപ്പോർട്ട് രൂപത്തിൽ കാണുന്നതിന് സാധ്യമല്ല.

15. ഡേ ബുക്ക് റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച്

പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ്‌വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

16. രശീതുകളുടെ ക്യാൻസലേഷൻ – മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.
17. ലഡ്ജർ ബുക്കുകൾ – ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക എന്താണെന്ന് വ്യക്തതയില്ല.
18. ലൈസൻസ് നൽകൽ - വിവിധ വാണിജ്യ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകിയവരുടെയും പുതുക്കി നൽകിയവരുടെയും വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.
19. തൊഴിൽ നികുതി - തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ്, എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി/ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.
20. വസ്തു നികുതി - സഞ്ചയ സോഫ്റ്റ്‌വെയർ ILGMS സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ്‌വെയർ ILGMS സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും, ഇതിന്റെ പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തുനികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.
21. കെട്ടിട നിർമ്മാണ അനുമതി – കെട്ടിട നിർമ്മാണ ക്രമവത്കരണം (സങ്കേതം സോഫ്റ്റ്‌വെയർ) കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയാണ് സ്വീകരിക്കുന്നത്.

ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ്‌വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ്‌വെയർ നിലവിൽ ILGMS സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ്‌വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ്‌വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല.

22. പണം പിരിവ്, ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ്‌വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ്‌വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

23. സ്റ്റോക്ക് രജിസറ്റർ വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

24. പഞ്ചായത്ത് യോഗ നടപടിക്രമങ്ങൾ സകർമ്മ സോഫ്റ്റ്‌വെയറിൽ ആണ് ചെയ്ത് വരുന്നത്. നിലവിൽ ഇത് ILGMS സോഫ്റ്റ്‌വെയറിൽ ഇൻറഗ്രേറ്റ് ചെയ്തിട്ടില്ല. നിലവിൽ ILGMS ഫയലിന്റെ ഭാഗമായി തന്നെ അജണ്ട പഞ്ചായത്ത് യോഗത്തിലേക്ക് നേരിട്ട് സമർപ്പിക്കുന്നതിനുള്ള സംവിധാനം ഇല്ല.

25. വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിക്കൽ ,വിവിധ സാക്ഷ്യപത്രങ്ങൾ അനുവദിക്കൽ എന്നിവയ്ക്കുള്ള ഏകീകൃത ഫോർമാറ്റ് ILGMS സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

26. മേലുദ്യോഗസ്ഥർ റിട്ടേൺ ചെയ്ത ഫയലിനെയും ,പ്രോസസ്സ് ചെയ്ത ഫയലിനെയും തിരിച്ചറിയുന്നതിന് നിലവിൽ സംവിധാനമില്ല.

മേൽ അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി - (22/2021-22/21.11.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1- 27 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല.

2021-22 വർഷം കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കും പ്രകാരം പ്രോജക്ട് മുഖേന തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | 192/22 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ |
| വകയിരുത്തിയ തുക/ഫണ്ടിനം | 1600000 (തനതു ഫണ്ട്) |
| ചെലവ് തുക | 197125 + 245400 + 62372 + 36118 + 161055 + 2500 + 23823 + 39994 + 75000 + 157500 + 169050 + 70603 + 107000 + 27440 + 131402 + 93618 = 1600000 |
| ബിൽ സാങ്ഷൻ നം/തീയ്യതി | 19/8-7-21,49/17-8-2157/9-7-21,61/15-1-21,123 /30-10-21,59/15-9-21,110/25-1021,118/29-10-21,120 /29-10-21,127/29-10-21,126/6-11-21,137/19-11-21,56 /9-7-21,169/17-12-21,421/22-3-22,430/23-3-22 |

കോവിഡ് 19 പടർന്നു പിടിച്ചതിന്റെ ഭാഗമായി 2021- 22 കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച ഡൊമിസീലിയറി കെയർ സെന്ററുകളിലേക്കും, എഫ്.എൽ.ടി.സിയിലേക്കുമുള്ള ഭക്ഷണം, മരുന്ന്, സ്റ്റാഫ് നഴ്സ്, ഹെൽത്ത് വർക്കർ, ഡോക്ടർ എന്നിവരുടെ വേതനം, വാഹന വാടക, ഇന്ധന ചെലവ്, ലൈറ്റ് &സൗണ്ട്, വാക്സിനേഷൻ ചെലവുകൾ, മറ്റ് കോവിഡ് കാല എന്നിവയ്ക്കായി തനതു ഫണ്ടിൽനിന്നും 16,00,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ചെങ്ങന്നൂർ ഗ്രാമപഞ്ചായത്തിന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി SDRF (State

Disastress Response Fund) ൽ നിന്നും അഡ്വാൻസ് ലഭിച്ചിട്ടില്ല. 26-4-2021 ലെ സ.ഉ(സാധാ) നം 911/2021/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് SDRF(State Disastress Response Fund)ൽ നിന്നും അഡ്വാൻസ് ലഭിക്കാത്ത സന്ദർഭത്തിൽ ഇതിനായി ചെലവായ തുക റീ ഇംപേഴ്സ്മെന്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 21-22 വർഷം അപ്രകാരം ചെലവായ തുക റീ ഇംപേഴ്സ് ചെയ്യുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ച കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (15/19-11-22) മറുപടി നൽകിയിട്ടില്ല. ചെലവായ തുക റീ ഇംപേഴ്സ് ചെയ്യുന്നതിന് നടപടിയും സ്വീകരിച്ച് അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-28 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ചേളന്നൂർ ഗ്രാമപഞ്ചായത്ത് 2021-22 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ മാത്രമാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത് (05-01-2022 തിയ്യതിയിൽ). ആ മീറ്റിംഗിൽ 2020-21 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം.

ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 25/2021-22 -ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 വനിതാ ഘടക പദ്ധതി പ്രത്യേകമായി നടപ്പാക്കിയില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിൽ പ്രോജക്ട് നമ്പർ 128/22 പ്രകാരം കുറ്റിക്കുരുമുളക് വിതരണം (വനിത), പ്രോജക്ട് നമ്പർ 139/22 പ്രകാരം കുറ്റിക്കുരുമുളക് വിതരണം (വനിത, എസ്.ടി), പ്രോജക്ട് നമ്പർ 135/22 പ്രകാരം കുറ്റിക്കുരുമുളക് വിതരണം (വനിത, എസ്.സി) എല്ലാ വീട്ടിലും പച്ചക്കറി തൈ വിതരണം (വനിത), പ്രോജക്ട് നമ്പർ 138/22 ഇടവിള കിറ്റ് വിതരണം (വനിത, എസ്.സി), പ്രോജക്ട് നമ്പർ 4/22 പ്രകാരം സുഫലം ഫലവൃക്ഷ തൈ വിതരണം (വനിത), പ്രോജക്ട് നമ്പർ 127/22 പ്രകാരം സുഫലം ഫലവൃക്ഷ തൈ വിതരണം (വനിത എസ്.സി), പ്രോജക്ട് നമ്പർ 127/22 പ്രകാരം സുഫലം ഫലവൃക്ഷ തൈ വിതരണം (വനിത എസ്.സി), പ്രോജക്ട് നമ്പർ 126/22 പ്രകാരം വാഴക്കന്ന് വിതരണം (വനിത), പ്രോജക്ട് നമ്പർ 13/22 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് (വനിത), എന്നീ 8 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ ഖ 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-27/21-22) മറുപടി നൽകിയിട്ടില്ല. വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിക്കാത്തതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1- 30 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. :40/22

അടങ്കൽ തുക : 100000/- (വികസന ഫണ്ട്)+800000 (തനതു ഫണ്ട്) =900000

ചെലവു തുക : 100000/- (വികസന ഫണ്ട്)+782789 (തനതു ഫണ്ട്) =882789

ബിൽ സാങ്ഷൻ നമ്പർ : 438/25-3-22,439/25-3-22

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 15.2.2021 ലെ സർക്കാർ ഉത്തരവ്(സാധാ)446/2021/ത.സ്വ.ഭ.വ. പ്രകാരം 2021 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെ കുടിവെള്ള വിതരണത്തിനയി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ശ്രീ.അനീഷ്.എം.സി. എന്നവരാണ് 2021-22 വർഷത്തെ കുടിവെള്ള വിതരണം നടത്തിയത്(ഭരണസമിതിയുടെ 22-3-21ലെ 7(1). നം തീരുമാനം). 7-4-21 മുതൽ 19-6-21 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാരൻ 6351 കി.മീറ്റർ പരിധിയിൽ കുടിവെള്ളം വിതരണം ചെയ്തതിന് കി.മീറ്ററിന് 139 രൂപ നിരക്കിൽ 8,82,789/- രൂപ ടിയാന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. വിതരണം നടത്തിയ കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണമേൻമയും ഉറപ്പാക്കിയില്ല.

3-4 -2021 ൽ കരാറുകാരനുമായി വച്ച എഗ്രിമെന്റിലെ 3ാം നമ്പർ വ്യവസ്ഥ പ്രകാരം കുടിവെള്ള പരിശോധനാ റിപ്പോർട്ട് വാഹനങ്ങളിൽ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട അധികാരികളോ പൊതുജനങ്ങളോ ആവശ്യപ്പെട്ടാൽ കാണിക്കേണ്ടതുമാണ്. 7-4-21 മുതൽ 19-6-21 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാരൻ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. കരാറുകാരൻ എവിടെ നിന്നുമാണ് കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്തത് എന്നതിന്റെ വിശദാംശമോ എഗ്രിമെന്റിൽ പറഞ്ഞ കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച സാക്ഷ്യ പത്രം, ആരോഗ്യ വിഭാഗത്തിന്റെ സാക്ഷ്യപത്രം എന്നിവയോ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. മേൽ കാലയളവിൽ ഇവയെല്ലാം പരിശോധിച്ച് പഞ്ചായത്തിന്റെ അനുമതിയോടെയാണ് കുടിവെള്ള വിതരണം നടത്തിയതെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.കുടിവെള്ളം വിതരണം നടത്തിയ കരാറുകാരനിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല

കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിച്ചപ്പോൾ ഇൻകം ടാക്സ് ഈടാക്കിയെങ്കിലും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കിയില്ല. 250000 രൂപയ്ക്ക് മുകളിലുള്ള സേവനം

കരാറുകാരൻ ലഭ്യമാക്കിയ സാഹചര്യത്തിലും കരാറുകാരന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരുന്നോയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല. സേവന ദാതാവിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കാതിരുന്നത് വിശദീകരിക്കേണ്ടതും, കരാറുകാരന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

3.കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്കൂപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത്‌രാജ് നിയമം 166ാം വകുപ്പ് 3 ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്കൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 100000/-വികസന ഫണ്ട് ,782789 രൂപ തനതു ഫണ്ട് എന്നിവ പഞ്ചായത്തിന് നഷ്ടമാകുന്ന അവസ്ഥയുണ്ട്.

4.ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണം നടത്തി .

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി

ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാർ കുടിവെള്ള വിതരണം നടത്തുന്നതിനായി KL 53 M5082, KL 57 C 8677 എന്നീ രണ്ടു വാഹനങ്ങളാണ് ഉപേയാഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (16/19-11-22) മറുപടി നൽകിയിട്ടില്ല. കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കിയും കുടിവെള്ള വിതരണത്തിന് ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചും അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1- 31 ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം 134/22

അടങ്കൽ :-6,00,000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 6,00,000/-(ബിൽ സാങ്ഷൻ നം -280/17-2-22 )

മേൽ പ്രേജക്ട് മുഖേന ആയുർവേദ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി 6,00,000/- രൂപ ആയുർവേദ മെഡിക്കൽ ഓഫീസർ ഔഷധി, കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. നാളിതു വരെ 5,98,971/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 1029/-,രൂപയുടെ മരുന്ന് ഇനിയും കിട്ടാനവശേഷിക്കുന്നു. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (8/18-11-22) 21-11-22ന് ആയുർവേദ മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ 1029/- രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കാൻ നിരവധി തവണ ഔഷധിയുമായി ഫോൺവിളിയും കത്തിടപാടുകളും നടത്തിയിട്ടുണ്ടെന്നും ഔഷധിയുടെ

റപ്രസന്റേറ്റീവുമായി ബന്ധപ്പെട്ടപ്പോൾ 1029/- രൂപയുടെ മർമ്മവെട്ട് ഗുളികയുടെ നിർമ്മാണത്തിന്റെ അഭാവം മൂലമാണ് അത് നൽകാൻ കഴിയാതിരുന്നതെന്നും അടുത്ത രണ്ടാഴ്ചക്കുള്ളിൽ മരുന്ന് എത്തിക്കാമെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നും പറഞ്ഞു. 1029/- രൂപയുടെ മരുന്ന് ലഭ്യമാക്കി അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1- 32 സമ്പൂർണ്ണ ഹിന്ദി സാക്ഷരതാ പരിപാടി - പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് എൽ.പി.സ്കൂൾ |
| പ്രോജക്റ്റ് നമ്പർ , പേര് | 165/22<br>സമ്പൂർണ്ണ ഹിന്ദി സാക്ഷരതാ പരിപാടി |
| അടങ്കൽ | 25000 (തനത്) |
| ചെലവ് | 19860 |
| ബിൽ സാങ്ഷൻ നം/തീയതി | 469/30-3-22 |

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ 18 നം 55 നം ഇടയിൽ പ്രായമുള്ളവരെ ഹിന്ദി സാക്ഷരരാക്കുക എന്നതാണ് പ്രൊജക്റ്റിന്റെ ലക്ഷ്യം. പ്രോജക്റ്റ് പ്രകാരം ഹിന്ദി സാക്ഷരതാ പരിപാടി ഉദ്ഘാടനത്തിനായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം 19,860/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവ് തുക |
|---|---:|
| ചായ, പലഹാരം | 3360 |
| ബാനർ, നോട്ടീസ് | 2550 |
| മൈക്ക് & സൗണ്ട് | 13200 |
| ഫോട്ടോ | 750 |
| ആകെ | 19860 |

ഫയൽ പ്രകാരം 18 നം 55 നം ഇടയിൽ പ്രായമുള്ളവരെ ഹിന്ദി സാക്ഷരരാക്കാൻ വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകളും വിശദാംശങ്ങളും ലഭ്യമല്ല. എത്രപേരാണ് പ്രസ്തുത സാക്ഷരതാ യജ്ഞത്തിൽ പങ്കാളികളായതെന്നും പ്രോജക്റ്റ് പൂർത്തീകരണത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (9/18-11-22) പഞ്ചായത്തിലെ സാക്ഷരതാ പ്രേരകം പരിപാടിയുടെ കോ-ഓർഡിനേറ്ററുമായ ശ്രീ.ശശികുമാർ നേരിൽ ഹാജരായി നൽകിയ മറുപടിയിൽ വാർഡുകൾ തോറും വിവിധ മേഖലകളിലായി ഹിന്ദി അധ്യാപകർ തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് ഹിന്ദി പാഠം നടത്തുന്നുണ്ടെന്നും 2022-23 വർഷത്തിൽ ചേളന്നൂർ

പഞ്ചായത്തിനെ സമ്പൂർണ്ണ ഹിന്ദി സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിക്കുന്നതാണെന്നും ഇതിനായി 22-23 വർഷ പ്രോജക്ടിൽ 50,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ച് ഉദ്ദേശിച്ച രീതിയിൽ സമ്പൂർണ്ണ ഹിന്ദി സാക്ഷരത കൈവരിച്ച് അറിയിക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ച് അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1- 33 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും അവിടെ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ചു ലഭിക്കുന്ന അളവു പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും, ഓരോ പ്രവർത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവു പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവുവരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവു പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അളവു പുസ്തക സ്റ്റോക്ക് രജിസ്റ്റർ എഴുതിത്തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1- 34 പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/തസ്വഭവ തിയ്യതി.29.01.2018 ഖണ്ഡിക 7.13.12 പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാൻ പറയുന്നുണ്ട്. ചേളന്നൂർ ഗ്രാമപഞ്ചായത്ത് 2018-19 മുതൽ നാളിതുവരെ നടപ്പിലാക്കിയ വാർഷിക പദ്ധതികളിൽ 5 വർഷ ഗ്യാരന്റിയോടു കൂടി ഏതെങ്കിലും റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 6/18.11.2022 ക്ക് മറുപടി നൽകിയിട്ടില്ല. ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാത്തതിന് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

1- 35 വനിതാ ഘടക പദ്ധതിയിൽ പുരുഷൻമാർക്ക് സബ്സിഡി

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിൽ രണ്ട് വനിതാ പ്രോജക്ടുകളിൽ പുരുഷൻമാരെ പഞ്ചായത്ത് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുകയും അവർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നമ്പർ 4/22 പ്രകാരം സുഫലം ഫലവൃക്ഷ തൈ വിതരണം (വനിത),പ്രോജക്ട് നമ്പർ 13/22 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് (വനിത),എന്നീ 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട്, പ്രോജക്ട് നമ്പർ | പേര് | വാർഡ് | ഗുണഭോക്തൃ ലിസ്റ്റിലെ നമ്പർ | വിതരണ ലിസ്റ്റിലെ നമ്പർ |
|---|---|---|---|---|---|
| 1 | 4/22, സുഫലം ഫലവൃക്ഷ തൈ വിതരണം (വനിത) | രാധാകൃഷ്ണൻ, നെരൂൽ | 8 | 27 | 35 |
| 2 | ,, | നിഷാദ്, എരഞ്ഞിക്കൽ | 8 | 37 | 36 |
| 3 | ,, | അഹമ്മദ് കുട്ടി, കളം കൊള്ളി | 8 | 38 | 38 |
| 4 | ,, | ഫൈസൽ, പറ്റയിൽ | 11 | 18 | 23 |
| 5 | 13/22, പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് (വനിത) | സുരേന്ദ്രൻ, ഉണ്ണ്യാലു കണ്ടിയിൽ | 11 | 16 | 16 |
| 6 | ,, | രാമചന്ദ്രൻ, അരുൺ നിവാസ് | 11 | 17 | 17 |
| 7 | ,, | പ്രേംജിത്ത്, പ്രേം നിവാസ് | 2 | 21 | 21 |

പ്രോജക്ടിന്റെ അന്തസത്തയ്ക്കു ഘടക വിരുദ്ധമായ രീതിയിൽ വനിതാ ഘടക പദ്ധതി പ്രകാരമുള്ള പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ പുരുഷൻമാരെ ഉൾപ്പെടുത്തി അവർക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 29/2021-22ന് മുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടത്തിലെ) 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചതിനാൽ 250 ച.മീ താഴെയുള്ള മുറികൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ കണക്കാക്കുന്നില്ല. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്. സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പ്രകാരം ഒരു ഉടമസ്ഥന്റെ ഒരേ കാര്യത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കപ്പെട്ടതിനാൽ എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. സഞ്ചയ സ്ലോറ്റ്വെയറിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ ഇത്തരത്തിലുള്ള വർദ്ധനവ് ബാധകമാവുകയുള്ളൂ. മേൽ കാരണത്താൽ 2021-22 സാമ്പത്തിക വർഷം നികുതി നഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|---|
| ത്രിലോക് കുമാർ സെക്രട്ടറി, | 439/A<br>439/B | G F – 231.41<br>F.F - 231.41 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ തുരശ്ര മീറ്ററിനു മുകളിൽ |

| | | | |
|---|---|---|---|
| ചേളന്നൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | | S.F - 20.34 / 483.16ച.മീ | തറവിസ്തീർണ്ണമുള്ള കെട്ടിടം |

439/B നമ്പർ കെട്ടിടത്തിന്റെ ഭാഗത്തിന് (251.75 ച.മീറ്ററിന്) തറ നിർമ്മിതിയുടെ 15% വർദ്ധനവ് ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടുണ്ട്. 439/A നമ്പർ കെട്ടിടത്തിന്റെ ഭാഗത്തിന് 231.41 ച.മീറ്ററിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ 231.41X50 =11570.5X15% = 1736 രൂപ വസ്തുനികുതി ഇനത്തിലും ഗ്രന്ഥശാലാവരി ഇനത്തിൽ 89/- രൂപയും നഷ്ടം വന്നിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യം/പാർപ്പിടാവശ്യം ഉൾപ്പെടെ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധനവ് ചുമത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്ക ക്കേണ്ടതാണ്. കൂടാതെ ഒരു ഉടമസ്ഥന്റെ കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗത്തിനല്ലാത്ത പക്ഷം ഓരോ മുറികൾക്ക് പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നത് ശരിയായ നടപടിയല്ല. തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള സാഹചര്യം വന്നതിനും, മേൽ അപാകതയ്ക്കും മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ ഇനത്തിൽ 231.41X50 =11570.5X15% = 1736 രൂപ വസ്തുനികുതി ഇനത്തിലും ഗ്രന്ഥശാലാവരി ഇനത്തിൽ 89/- രൂപയും ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. 250 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള മുഴവൻ പാർപ്പിടാവശ്യം/ വാണിജ്യാവശ്യത്തിനുള്ള മുഴവൻ കെട്ടിടങ്ങളും പുന: പരിശോധിച്ച് നികുതി ഇനത്തിൽ നഷ്ടം വരുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ജനകീയ ഹോട്ടൽ- വാടകയിനത്തിൽ അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 23/22(സ്പിൽ ഓവർ) |
| പ്രോജക്റ്റിന്റെ പേര് | കുടുംബശ്രീ ജനകീയ ഹോട്ടൽ |
| അടങ്കൽ | 150000(വികസന ഫണ്ട്)+ 50000(തനത് ഫണ്ട്) = 200000 |
| ചെലവ് | 4344++11700+112000=128044(വികസന ഫണ്ട്) |
| ബിൽ സാങ്ഷൻ നം/തീയതി | 391/18-3-22,212/18-1-22,340/4-3-22 |

പ്രോജക്ട് പ്രകാരം വാർഡ് 15ലെ 15/360,15/361 എന്നീ കടമുറികളിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ കറന്റ് ബിൽ, വാടക എന്നിവ നൽകുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. കറന്റ് ബിൽ ഇനത്തിൽ 16044/- രൂപയും വാടകയിനത്തിൽ 112000/- രൂപയുമാണ് ചെലവഴിച്ചരിക്കുന്നത്. ചേളന്നൂർ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ 21-7-2021 ലെ വാല്വേഷൻ പ്രകാരം മേൽ കടമുറികളുടെ വാടകയായി നിശ്ചയിച്ചിരിക്കുന്ന മാസ വാടക 4330/- രൂപയാണ്. 18-8-21ലെ 3(1)/2021 ലെ പഞ്ചായത്ത് തീരുമാന പ്രകാരം ഉടമസ്ഥരുടെ അപേക്ഷ പരിഗണിച്ച് കടയുടെ വാടക 7000/- രൂപയായി അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് 2021 സെപ്റ്റംബർ 8 ന് ഉടമസ്ഥരായ ശ്രീ.ഷാജിൽകുമാർ.കെ.കെ, ശ്രീ.അനിൽകുമാർ.കെ.കെ എന്നിവരുമായി 7000/- രൂപ വാടകയിൽ കടമുറിയിൽ ജനകീയ ഹോട്ടൽ നടത്തുന്നതിന് വാടകയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. 2020 നവംബർ മുതൽ പഞ്ചായത്തിൽ അടിയന്തിരമായി ജനകീയ ഹോട്ടൽ പ്രവർത്തിച്ചു വരുന്നുണ്ട്. തുടർന്ന് 9/2020 മുതൽ 12/2021 വരെയുള്ള 16 മാസ വാടക 7000/- രൂപ നിരക്കിൽ ആകെ 112000/- രൂപ ശ്രീ.ഷാജിൽകുമാറിന് നൽകിയിട്ടുണ്ട്. 13-8-2021ലെ സ.ഉ (സാധാ) നം 1567/2021ത.സ്വ.ഭ.വ പ്രകാരം ജനകീയ ഹോട്ടലുകൾക്ക് പി.ഡബ്ല്യൂ.ഡി നിരക്കിനേക്കാൾ 50% അധികം വരെ വാടക തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം വാടക നൽകുകയാണെങ്കിൽ ഒരു മാസത്തെ വാടക 6495/- രൂപ (4330x50%=2165+4330=6495) ആയിരിക്കും എന്നാൽ ഇതിനു പകരമായി 7000/- രൂപ നൽകുക വഴി ഓരോ മാസവും 505/- രൂപ (7000-6495) അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം 16 മാസത്തേക്ക് 8080/-

രൂപ (16x505) വാടകയിനത്തിൽ അധികം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാതെ വാടകയിനത്തിൽ അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (7/18-11-22) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-2 സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കാതെ മാനേജ്മെന്റ് സ്കൂളുകളിൽ തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : (1) 217/22, പൊതുവിദ്യാലയങ്ങൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം

സാങ്ഷൻ ഓർഡർ നമ്പർ, തുക : 455/27.03.2022, 984,996/-

കരാറുകാരൻ : ഷിനോയ് തോമസ്

പ്രോജക്ട് നമ്പർ : (2) 218/22, സ്കൂളുകൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം

സാങ്ഷൻ ഓർഡർ നമ്പർ, തുക : 456/27.03.2022, 1,191,972/-

കരാറുകാരൻ : ഷിനോയ് തോമസ്

ഒന്നാമത്തെ പ്രോജക്ട് പ്രകാരം എ.കെ.കെ.ആർ ബോയ്സ്, എ.കെ.കെ.ആർ ഗേൾസ്, പ്രഭാകര വിലാസം, പുളിക്കുപ്പറമ്പ്, ജനത എ.യു.പി.എസ് എന്നീ മാനേജ്മെന്റ് സ്കൂളുകൾക്കും, രണ്ടാമത്തെ പ്രോജക്ട് പ്രകാരം കണ്ടന്നൂർ എ.യു.പി.എസ്, ചേളന്നൂർ എ.യു.പി.എസ്, മുതുവാട് എ.യു.പി.എസ്, യൂണിയൻ എ.എൽ.പി.എസ്, എസ്.എൻ ട്രസ്റ്റ് സ്കൂൾ എന്നീ മാനേജ്മെന്റ് സ്കൂളുകൾക്കും ഉൾപ്പെടെ 10 മാനേജ്മെന്റ് സ്കൂളുകൾക്ക് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി 2,176,968/-രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് രൂപ) മേൽപറഞ്ഞ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/തസ്വഭവ തിയ്യതി.29.01.2018 ഖണ്ഡിക 7.6.8 പ്രകാരം, എല്ലാ സർക്കാർ സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും വാഷ്ബെയ്സിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമേ എയ്ഡഡ് സ്കൂളുകൾക്ക് ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ പാടുള്ളൂ. 2020-21 -ൽ പുതിയ പ്രോജക്ട് ആയി തുടങ്ങിയ ഈ രണ്ട് പ്രോജക്ടുകളുടേയും പ്രോജക്ട് രൂപീകരണ ഫോറം 3 -ൽ ക്രമ നമ്പർ 55 ആയി ഭരണാനുമതിയുടെ നമ്പറും തിയ്യതിയും കാണിച്ചിരിക്കുന്നത് 01/21/21.01.2021 ആണ്. എന്നാൽ ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ 21.01.2021 തിയ്യതിയിലെ മീറ്റിംഗിൽ ഈ രണ്ട്

പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം നൽകിയിട്ടില്ല. പിന്നീട് 27.01.2022ൽ പണി പൂർത്തീകരിച്ചതിനു ശേഷം 04.02.2022ൽ 16 മെമ്പർമാർ പങ്കെടുത്ത ഭരണ സമിതി യോഗത്തിൽ അജണ്ട 3 തീരുമാനം 1 പ്രകാരം "ഗവ.സ്കൂളുകൾക്ക് ആവശ്യത്തിന് ടോയ്‌ലെറ്റ് ഉള്ളതുകൊണ്ടും കൂടുതൽ ടോയ്‌ലെറ്റ് ആവശ്യമില്ലാത്തതുകൊണ്ടും സഹചര്യത്തിലുമാണ് എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനായി പദ്ധതി വകയിരുത്തിയത് എന്ന് അംഗീകരിച്ച തീരുമാനിച്ചു." എന്ന തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ 2021-22 ബജറ്റ് തയ്യാറാക്കുന്നതിനായി ചേലന്നൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സ് പഞ്ചായത്തിന് സമർപ്പിച്ച ആവശ്യമുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റിൽ സർക്കാർ സ്കൂളുകളിൽ യൂറിനലുകളുടേയും ടോയ്‌ലെറ്റുകളുടേയും അപര്യാപ്തതയുണ്ടെന്നും അവയ്ക്കായി പണം നീക്കിവെയ്ക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഓഡിറ്റ് സമയത്ത് നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 2/2021-22 ന് നൽകിയ മറുപടിയിൽ 3 സർക്കാർ സ്കൂളുകളിൽ 2 സർക്കാർ സ്കൂളുകൾക്കും യൂറിനലുകളുടേയും ടോയ്‌ലെറ്റുകളുടേയും വാഷ്ബെയ്സിനുകളുടേയും വലിയ ദൗർലഭ്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മൂത്രപ്പുരകളുടേയും ടോയ്‌ലെറ്റുകളുടേയും വാഷ്ബെയ്സിനുകളുടേയും കാര്യത്തിൽ ശോചനീയാവസ്ഥ നിലനിൽക്കെ മാനേജ്മെന്റ് സ്കൂളുകൾക്ക് തുക ചെലവഴിച്ചിന് വിശദീകരണം നൽകേണ്ടതാണ് ഓഡിറ്റ് എൻക്വയറി 30/2021-22 മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശം മറികടന്ന് ചെലവഴിച്ച 2,176,968/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക അസി.എഞ്ചിനീയർ, സെക്രട്ടറി, ഈ രണ്ട് പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം നൽകിയ 04.02.2022 -ലെ ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത 16 മെമ്പർമാർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-2 | 11.11.2022- 21.11.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 42500 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 42500 |
| | 2021-22 | 100000 | നെൽകൃഷി വികസനം | 100000 |
| | 2021-22 | 202532 | അനപൂരക പോഷകാഹാര വിതരണം | 202532 |
| | 2021-22 | 565000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 565000 |
| | 2021-22 | 1000000 | വൃദ്ധർക്ക് പകൽവീട് നിർമ്മാണം | 1000000 |
| | | 200000 | ക്ഷീര കർഷകർക്ക് പാലിൻ സബ്സിഡി | 200000 |
| ആകെ | | 2110032 | | 2110032 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 120000 | നെൽകൃഷി വികസനം | 120000 |
| | 2021-22 | 1220000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 1220000 |
| | 2021-22 | 700000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 700000 |
| | 2021-22 | 1480000 | ലൈഫ് ഭവന പദ്ധതി | 1480000 |

| | | | | |
|---|---|---|---|---|
| | | | ജനറൽ | |
| | 2021-22 | 377400 | ലൈഫ് ഭവന പദ്ധതി (എസ്.ടി) | 377400 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിൻ സബ്സിഡി | 100000 |
| ആകെ | | 39,97,400 | | 39,97,400 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ സാങ്ഷൻ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കുറ്റ്യാടി ജലസേചന പദ്ധതി | വെള്ളാംകുർ തച്ചോറമല മേൽപാല | 366/ 14-3-22 | 10,00,000 | 0 | 10,00,000 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം | | | | |
| | അഞ്ചാം വളവ് കൃഷി ഭവൻ റോഡ് | 396/18-3-22<br>397/18-3-22 | 8,00,000 | 0 | 8,00,000 |
| | മുതുവാട്ട് താഴം കനാൽ റോഡ് | 367/14-3-22 | 7,00,000 | 0 | 7,00,000 |
| | കുമാര സ്വാമി കടത്തലപ്പുറത്ത് റോഡ് | 452/27-3-22 | 3,00,000 | 0 | 3,00,000 |
| | | | 28,00,000 | | 28,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/08/2018 | 0 | 12391306 | 2214667 | 0 | 10176639 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1840564 |
| തൻവർഷം നിക്ഷേപിച്ച തുക | 130629 |
| ആകെ | 1971193 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1971193 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 15/11/21 | 91 ദിവസം | 606879 |
| 2 | കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 27.12.21 | 147 ദിവസം | 952399 |
| 3 | കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 15/11/21 | 91 ദിവസം | 411915 |
| ആകെ | | | | 1971193 |

കുറിപ്പ്- പലിശ കണക്കാക്കിയിട്ടുള്ളതിൽ അപാകതയുണ്ട്, ആയത് വാർഷിക കണക്കിൽ പരാമർശിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 Plan Fund AR | 12 | 2003-04 | 11.13.5.15 (പൊതു പരാമർശം) | മൈത്രി ഭവന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 1999-00 | - | 2004-05 | 11.1.3.33 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | സമിതിയുടെ പരിഗണനയിൽ |
| 2000-01 | - | 2004-05 | 11.1.3.36 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-8 | 2008-09 | 3.6.2 | കൊപ്ര ഡ്രയർ മില്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,05,23,339 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,13,79,155 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,825 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21,85,048 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,83,420 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2 -1 | 1825 | | ശ്രീ. ജോയ് കുമാർ.വി സെക്രട്ടറി |
| 3-1 | | 8080 | ശ്രീമതി. സിന്ധു.വി.ആർ അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 120954 | ശ്രീമതി. ദീപ്തി.ഇ.കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 120942 | ശ്രീ. ജോയ് കുമാർ.വി സെക്രട്ടറി |
| | | 120942 | ശ്രീ.എം.പ്രകാശൻ മാസ്റ്റർ മെമ്പർ |

| | | | | | |
|---|---|---|---|---|---|
| | | | 120942 | ശ്രീ എം.പ്രകാശൻ<br>മെമ്പർ | |
| | | | 120942 | ശ്രീമതി.സിനി ഷൈജൻ<br>മെമ്പർ | |
| | | | 120942 | ശ്രീ.സത്യഭാമ<br>മെമ്പർ | |
| | | | 120942 | ശ്രീ.നൗഷീർ.പി.പി.<br>മെമ്പർ | |
| | | | 120942 | ശ്രീമതി.പി.കെ.കവിത<br>മെമ്പർ | |
| | | | 120942 | ശ്രീ.നൗഷീർ സി.പി<br>മെമ്പർ | |
| | | | 120942 | ശ്രീമതി ശ്രീകല<br>മെമ്പർ | |
| | | | 120942 | ശ്രീ .വി.എം.ചന്തുക്കുട്ടി<br>മെമ്പർ | |
| | | | 120942 | ശ്രീമതി സബിത കെ..എം<br>മെമ്പർ | |
| | | | 120942 | ശ്രീ. ദിനേശൻ.പി<br>മെമ്പർ | |
| | | | 120942 | ശ്രീമതി.ഗൗരി<br>പുതിയോത്ത്<br>മെമ്പർ | |
| | | | 120942 | ശ്രീമതി ടി.വത്സല<br>മെമ്പർ | |
| | | | 120942 | ശ്രീ.എം. രാജേന്ദ്രൻ | |

| | | | |
|---|---|---|---|
| | | | മെമ്പർ |
| | | 120942 | ശ്രീമതി എ.ജസീന<br>മെമ്പർ |
| | | 120942 | ശ്രീ.പി.എം. വിജയൻ<br>മെമ്പർ |
| | 1825 | 2185048 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,95,284 | ശ്രീമതി.ജ്യോതി<br>ഐ.സി.ഡിഎസ് സൂപ്പർവൈസർ |
| 1-19 | 3,40,000 | ശ്രീ.ദിലീപ് കുമാർ<br>കൃഷിഓഫീസർ |
| 1-20 | 28,00,000 | ശ്രീ.ജോയ് കുമാർ.വി<br>സെക്രട്ടറി |
| 1-23 | 28276 | ശ്രീ.ജോയ് കുമാർ.വി<br>സെക്രട്ടറി |
| 1-25 | 2,00,000 | ശ്രീമതി.ഭാഗ്യശ്രീ ബി<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-32 | 19,860 | ശ്രീ.ജോയ് കുമാർ.വി |

| | | |
|---|---|---|
| | | സെക്രട്ടറി |
| ആകെ | 35,83,420 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഗ്രന്ഥശാലാവരി - 89/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ജോയ് കുമാർ.വി സെക്രട്ടറി | സെക്രട്ടറി, പാങ്ങോട് ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം | ഗോപിക, Opposite എസ്.എൻ.ജി കോളേജ്, 8/4, ചേളന്നൂർ |
| 2 | ശ്രീമതി.ജ്യോതി ഐ.സി.ഡിഎസ് സൂപ്പർവൈസർ | ഐ.സി.ഡിഎസ് സൂപ്പർവൈസർ ചേളന്നൂർ ഗ്രാമപഞ്ചായത്ത് | പെനാട്ടുതാഴം, പെരുംഉരുത്തി എലത്തൂർ |
| 3 | ശ്രീ ദിലീപ് കുമാർ | കൃഷിഓഫീസർ | ത്രുവ്വക്കോട്ട് വീട് |

| | | | |
|---|---|---|---|
| | കൃഷിഓഫീസർ | കൊടുവള്ളി നഗരസഭ | പയിമ്പ്ര പി.ഒ<br>കുന്നമംഗലം വഴി<br>673571 |
| 4 | ശ്രീമതി.ഭാഗ്യശ്രീ ബി<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ)ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | ചിത്തലക്കോട്ട്<br>മീത്തൽ<br>പന്തീരങ്കാവ് പി.ഒ<br>673019 |
| 5 | ശ്രീമതി.ദീപ്തി.ഇ.കെ<br>അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ<br>കുരുവട്ടൂർ<br>ഗ്രാമപഞ്ചായത്ത് | രമണിക വീട്,<br>വിരുത്തിശ്ശേരി<br>വയലിൽ,<br>പുതിയങ്ങാടി പി.ഒ,<br>673010 |
| 6 | ശ്രീമതി.സിന്ധു.വി.ആർ<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി<br>കാക്കൂർ ഗ്രാമ<br>പഞ്ചായത്ത് | ദൃശ്യം വീട്<br>എരക്കുളം പി.ഒ<br>കക്കോടി പി.ഒ |
| 7 | ശ്രീ.എം.പ്രകാശൻ<br>മാസ്റ്റർ<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | പ്രകൃതി,<br>എളേറ്റിൽ മീത്തൽ,<br>കണ്ണങ്കര.പി.ഒ,<br>ചേളന്നൂർ |
| 8 | ശ്രീ.എം.പ്രകാശൻ<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | അഞ്ജനം,<br>മൂത്തേടത്ത്,<br>കണ്ണങ്കര.പി.ഒ.<br>673616 |
| 9 | ശ്രീമതി. സിനി<br>ഷൈജൻ<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | മണ്ണാറക്കൽ<br>ഹൗസ്,<br>കാക്കൂർ.പി.ഒ,<br>നന്മണ്ട, 673613 |
| 10 | ശ്രീമതി സത്യഭാമ<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | കക്കാഴിയിൽ,<br>കാക്കൂർ.പി.ഒ, |

| | | | |
|---|---|---|---|
| | | | നന്മണ്ട, 673613 |
| 11 | ശ്രീ.നൗഷീർ.പി.പി.<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | സുബൈദ<br>മൻസിൽ,<br>ഇരുവള്ളൂർ.പി.ഒ,<br>ചേളന്നൂർ 673616 |
| 12 | ശ്രീമതി.പി.കെ.കവിത<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | താഴത്ത് വട്ടോളി,<br>കാക്കൂർ.പി.ഒ,<br>673613 |
| 13 | ശ്രീ.നൗഷീർ സി.പി<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | ചെറുപാറക്കൽ,<br>പാലത്ത.പി.ഒ,<br>കക്കോടി വഴി,<br>673611 |
| 14 | ശ്രീമതി.ശ്രീകല<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | ചുഴലിപ്പുറത്ത്<br>ഹൗസ്,<br>പാലത്ത്.പി.ഒ,<br>കക്കോടി, 673611 |
| 15 | ശ്രീ.വി.എം.ചന്തുക്കുട്ടി<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | വടക്കേമണ്ടോത്തും<br>കണ്ടിയിൽ,<br>പാലത്ത്.പി.ഒ,<br>കക്കോടി, 673611 |
| 16 | ശ്രീമതി.സബിത<br>കെ.എം<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | മൂർക്കൻകണ്ടി<br>ഹൗസ്,<br>പാലത്ത്.പി.ഒ,<br>കക്കോടി, 673611 |
| 17 | ശ്രീ.ദിനേശൻ.പി<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | പാലമുറ്റത്ത്<br>ഹൗസ്,<br>പാലത്ത്.പി.ഒ,<br>കക്കോടി, 673611 |
| 18 | ശ്രീമതി.ഗൗരി<br>പുതിയോത്ത് | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | വൈശാഖ് ഹൗസ്,<br>പാലത്ത്.പി.ഒ, |

| | | | |
|---|---|---|---|
| | മെമ്പർ | | കക്കോടി, 673611 |
| 19 | ശ്രീമതി.ടി.വത്സല<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | വാത്സല്യം ഹൗസ്, ചേളന്നൂർപി.ഒ, കുമാരസാമി, 673616 |
| 20 | ശ്രീ.എം. രാജേന്ദ്രൻ<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | മേലെ കൊയംപുറത്ത്, ചേളന്നൂർ.പി.ഒ |
| 21 | ശ്രീ.മതിഎ.ജസീന<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | എടച്ചേരി കുനിയിൽ, ചേളന്നൂർ പി.ഒ, 673616 |
| 22 | ശ്രീപി.എം. വിജയൻ<br>മെമ്പർ | ചേളന്നൂർ<br>ഗ്രാമപഞ്ചായത്ത് | പേരാട്ടിൽ മീത്തൽ, കണ്ണങ്കര.പി.ഒ, ചേളന്നൂർ, 673616 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/ 2019(1) തീ-28.08.2020 | 1 | 30 |
| 1999-00 (ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1486/ 05(3) തീയതി 01.09.2011 | 4 | 2, 3, 10, 11 |
| 1999-00 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/ 895/ 03/02.01.2004 | 5 | 6, 7, 8, 9(A), (B), 10 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി2/ | 1 | 10 |

| | | | |
|---|---|---|---|
| (ഡി.സി.ബി | 988/ 04/12.11.04 | | |
| 2000-01 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(9) തീ-28.09.2020 | 3 | 12, 14, 15 |
| 2001-02 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(2) തീ-28.09.2020 | 3 | 2-8, 3-5, 3-9 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-28.08.2020 | 4 | 7, 8എ, 8ബി, 11 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(4) തീ-26.08.2020 | 6 | 3-4, 3-10, 3-11, 3-12, 3-14,3-15 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(6) തീ-25.08.2020 | 1 | 3-5 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/ 1452/ 09/6.11/09 | 30 | 2-6, 2-7, 2-8 (ബി), 2-9,2-10,2-11, 2-12, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-27.10.2020 | 17 | 2-8, 2-10, 2-11, 2-12, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9, 3-10, |

| | | | |
|---|---|---|---|
| | | | 3-11(1,2,3), 3-12, 3-15, 3-16, 3-19 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(8) തീ-27.10.2020 | 15 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-7എ, 3-8, 3-8 എ, 3-9, 3-11, 3-12, 3-13, 3-14, 3-17 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(1) തീ-29.12.2020 | 22 | 2-6, 2-8എ, 3-1, 3-3, 3-4, 3-5, 3-6, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-31 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി12/ 1513/2012 തീ-13.03.2013 | 13 | 2-1, 2-2, 3-1,3-3,3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-13, 4-3 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(2) തീ-10.11.2020 | 3 | 2-5, 3-4, 3-5 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(3) തീ-21.01.2021 | 18 | 2-4, 2-5(1), (1,2,3), 2-5 (2)1, 2), 3-1, 3-2, 3-3, 3-4, |

| | | | | |
|---|---|---|---|---|
| | | | | 3-6, 3-7(1), (2), (5), (6), (7), 3-12, 4-3, 4-10 |
| | 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി13/ 593/2020(4) തീ-13.11.2020 | 17 | 2-2, 3-4, 3-6, 3-8, 3-10, 3-13 (1,2,3), 3-14 (1,2,3), 3-16, 3-17(1,3), 3-18 (1,2,3), 3-19(2), 3-20, 3-22, 3-23, 3-24, 3-25, 3-27 |
| | 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി13/ 593/2020(5) തീ-28.10.2020 | 17 | 2-1, 2-2, 2-5, 3-1, 3-2ബി, 3-3, 3-4, 3-4(1), 3-5, 3-6, 3-7, 3-8(1), 3-10, 3-11(1,2), 3-12, 3-13, 3-18 |
| | 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി13/ 593/2020(6) തീ-10.11.2020 | 18 | 2-1(1), 2-2(3), 2-3, 2-4, 2-5, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16 |
| | 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി12/ 491/2019 തീ-13.05.2019 | 22 | 1-12(1), 1-12(2), 1-12(3), 1-12(4), |

| | | | |
|---|---|---|---|
| | | | 1-12(5), 2-1(1), 2-2, 2-3, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11(1), 3-12, 3-13(1), 3-13(2), 3-13(3), 3-14, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/ 847/2020 തീ-25.09.2020 | 19 | 1-15 (1,2,3,5,6,7 8,9), 1-7(1,2), 1-8, 1-9, 1-10, 1-11, 1-12, 1-13(5), 1-14, 1-15, 1-19, 1-21, 1-22, 1-25, 1-27, 1-29, 1-34, 1-35, 2-1 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി3/ 41/2022 തീ-22.01.2022 | 27 | 1-1 മുതൽ 1-27 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1204/2022 തീ-23.07.2022 | 49 | 1-1 മുതൽ 1-35 വരെയും, 3-1 മുതൽ 3-3 വരെയും ,4-1 മുതൽ4-11 വരെയും |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്